കൊടുക്കുന്നതു് തിരിച്ചീടാക്കാനും വേണ്ടിയാണു് ഇങ്ങനെ ഒരു വ്യവസ്ഥകൊണ്ടു വന്നതു്. തിരിച്ചു് കിട്ടുമെന്നു് ഉറപ്പുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ.

ബഹുമാനപ്പെട്ട മന്ത്രി പി. എസ്. നമ്പൂതിരി പറഞ്ഞതുപോലെ മാനേജ്മെൻറിനെക്കൊണ്ടു കൊടുപ്പിക്കുന്നകാര്യത്തിൽ ഗവണ്മെൻറു് കഴിയുന്നിടത്തോളം ശ്രമിക്കാൻ തയ്യാറാണു്. പക്ഷേ, ഈ കേസ്സുകളും അനുകൂലമായിവന്നാൽ ഇതെല്ലാം മാനേജ്മെൻറു് കൊടുക്കണമെന്നാണു് വ്യവസ്ഥ. ആ വ്യവസ്ഥയ്ക്കു് മാറ്റംവരുത്താൻ സാധിക്കുകയില്ല. ഒരാളെ ഡിസ്മിസ്ചെയ്യുകയോ, ഡിസ്ചാർജ്ജു് ചെയ്യുകയോ ചെയ്താൽ അതു അന്യായമാണെന്നു വിധിവരുമ്പോൾ അയാൾക്കു് അതുവരെ അർഹമായിട്ടുള്ള ശമ്പളം, കൂലി ലഭിക്കേണ്ടതാണു്. അതു കിട്ടുമെന്നുള്ളതുകൊണ്ടാണു് താൽക്കാലികമായ ഒരു സഹായം എന്നനിലയിൽ ഗവണ്മെൻറു് അതു കൊടുക്കുന്നതു്. കിട്ടാതിരിക്കുന്ന ഒരു കാര്യത്തിൽ മാനേജ്മെൻറിനെ നിർബന്ധിക്കാൻ ഗവണ്മെൻറിനു കഴിയുകയുമില്ല. അതുകൊണ്ടു് ആ കാര്യം ഇതിന്റെ കൂടെ പരിഗണിക്കാൻ സാദ്ധ്യമല്ലെന്നുമാത്രമല്ല നിയമപരമായി അല്പം കുഴപ്പവുമുണ്ടു്. താൽക്കാലികമായ ഒരു സഹായം കൊടുക്കാൻ ഗവണ്മെൻറിനു സാധിക്കുകയും ഇതു തിരിച്ചു് ഈടാക്കാൻ കഴിയുകയും ചെയ്യുന്നതായ ഒരു നിലയിലാണു് ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് ഇതു പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുകയാണു്.

The question that the payment of wages (Kerala Amendment) Bill, 1968 as reported by the Select Committee, be taken into consideration was put and carried.

The Bill was taken into consideration.

Clasue 2

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 1, Preamble and Title

The question that clause I, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

ശ്രീ. മത്തായിമാഞ്ഞൂരാൻ: സർ ബിൽ പാസ്സാക്കിത്തരണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

Works Minister (**Shri. T. K. Divakaran**): I second it.

The question that the Payment of Wages (Kerala Amendment) Bill, 1968 be passed was put and carried.

The Bill was passed.

The Kerala Shops and Commercial Establishmen (Amendment) Bill, 1969

Labour Minister: (**Shri Mathai Manjooran**): Sir, I move that the Kerala Shops and Commercial Establishments (Amendment) Bill, 1969 as reported by the Select Committee, be taken into consideration.

Works Minister (**Shri. T. K. Divakaran**): I second it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഷാപ്പ്സുകളും കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ആളുകൾക്ക് പല ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയാണ് ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നത്. ഷാപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച് പിരിച്ചുവിട്ടവരെ തിരിച്ചെടുക്കാനുള്ള പല വ്യവസ്ഥകളും ഉണ്ട്. എന്നാൽ ഷാപ്പുകളും ഇന്നതാണെന്നും എസ്റ്റാബ്ലിഷ്മെന്റുകളും ഇന്നതാണെന്നും പ്രത്യേകം രജിസ്റ്റർ ഇല്ലാത്തതുകൊണ്ടും, അതിനെ സംബന്ധിച്ച രേഖകളും സൂക്ഷിക്കാത്തതുകൊണ്ടും പലപ്പോഴും കേസ്സു വരുമ്പോൾ അതു തെളിയിക്കാൻ പ്രയാസമുണ്ടാകാറുണ്ട്. ആ പ്രയാസങ്ങൾ തീർക്കുന്നതിനുവേണ്ടി ഷാപ്പുകളും കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളും രജിസ്റ്റർ ചെയ്യുന്നതു നന്നായിരിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആ നിയമം കൊണ്ടുവന്നിരിക്കുന്നത്. അതുപോലെതന്നെ ബർത്ത് കൺട്രോളിനു വിധേയരാകുന്നവർക്ക്, ആ സമയത്തു് അവധികൊടുക്കുക, ശമ്പളം കൊടുക്കുക മുതലായ കാര്യങ്ങൾക്കുവേണ്ടിയുള്ള വ്യവസ്ഥകളും ഇതിലുണ്ട് ഈ രണ്ടു വ്യവസ്ഥകളുമാണ് ഇതിലുള്ളതു്. ഇതുരണ്ടും വളരെ ആവശ്യമാണെന്നുള്ളതുകൊണ്ടും സെലക്ട് കമ്മിറ്റിയുടെ പരിശോധനയിലും ഇതു വളരെ ആവശ്യമാണെന്നു ബോധ്യമായതുകൊണ്ടും ഇതു് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രൂപത്തിൽ തന്നെ പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1969 as reported by the Select Committee be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 5

The question that Clauses 2 to 5 stand part of the Bill was put and carried.

Clauses 2 to 5 were added to the Bill.

Clause 1, Preamble and Title.

The question that Clause 1, preamble and Title stand part of the Bill was put and carried.

Clause 1, preamble and Title were added to the Bill.

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ: ഈ ബില്ലു് വളരെ അത്യാവശ്യമായതുകൊണ്ടു് ഇതു പാസ്സാക്കിത്തരണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

Shri. T. K. Divakaran: I second it.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഈ ബില്ലു് പാസ്സാക്കിയതിനുമുമ്പു് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. അദ്ദേഹം ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചു സംസാരിച്ചുവരവേ ഒരു വകുപ്പിൽ ഫാമിലി പ്ലാനിംഗിനെ സംബന്ധിച്ചു് എന്തോ പറഞ്ഞു; അഞ്ചാറു ദിവസത്തെ അവധി കൊടുക്കുമെന്നും പറഞ്ഞു. ഞങ്ങൾക്കു തന്നിട്ടുള്ള ബില്ലിൽ അങ്ങനെയല്ല. "Six days in the case of a male employee and fourteen days in the case of a female employee," അങ്ങനെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഇതിൽ, വല്ല വ്യത്യാസവും വരുത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഞാൻ മുഴുവൻ പറഞ്ഞില്ലെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ഈ നിയമം പാസ്സാക്കുന്നതോടുകൂടി ഷാപ്പു ജീവനക്കാർക്ക് ജോലിസ്ഥിരത കിട്ടുമെന്നുള്ളതു് തീർച്ചയാണു്. ഇതിൽ ഷാപ്പു് രജിസ്റ്റർ ചെയ്യണമെന്നു പറയുന്നുണ്ടു്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഇന്നു നിലവിലുള്ള എല്ലാ ഷാപ്പുകളും രജിസ്റ്റർ ചെയ്യണം. തൊഴിലാളിയുടെ പേരുംമറ്റും രജിസ്റ്റർ ചെയ്യണം. തൊഴിലാളികളുടെ എണ്ണവും പേരും രജിസ്റ്റർ ചെയ്യണമെന്നു പറയുമ്പോൾ ഷാപ്പുമായി 15—ം 20—ം കൊല്ലമായി ബന്ധപ്പെട്ടു കഴിയുന്ന പല തൊഴിലാളികളും ഉണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടു് പേരു് രജിസ്റ്റർ ചെയ്യുമ്പോൾ ഇങ്ങനെയുള്ള തൊഴിലാളികളുടെ സർവ്വീസുകൂടി കണക്കാക്കാൻ ആവശ്യമായ ഭേദഗതികൂടി വരുത്തണമെന്നു് അഭ്യർത്ഥിക്കുകയാണു്.

അതുപോലെതന്നെ മറ്റൊരു കാര്യംകൂടി എനിക്കു പറയാനുണ്ടു്. ഷാപ്പിനുള്ളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കാര്യമാണു് ഇതിൽ പറയുന്നതു്. എന്നാൽ പല ഷാപ്പുകളുമായി ബന്ധപ്പെട്ടു് വളരെയധികം ചുമട്ടു തൊഴിലാളികളും പണിയെടുക്കുന്നുണ്ടു്. ഈ ചുമട്ടുതൊഴിലാളികളുടെ പേരുവിവരം പലപ്പോഴും രേഖയില്ലാതെ പോകുന്നുണ്ടു്. അതുകൊണ്ടു് ഇവർക്കുംകൂടി എന്തെങ്കിലും ആനുകൂല്യം കിട്ടത്തക്ക നിലയിൽ ഇതിൽ ആവശ്യമായ ഭേദഗതികൂടി ബഹുമാനപ്പെട്ട മന്ത്രിതന്നെ കൊണ്ടുവരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നതോടൊപ്പം ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനും ആഗ്രഹിക്കുന്നു.

സർ, ഈ ആക്ടു പാസ്സാക്കിയാൽ അതു കർശനമായി നടപ്പിലാക്കാൻ ഒരു മെഷനറി ഉണ്ടായിട്ടില്ല. ലേബർ ഡിപ്പാർട്ടുമെൻറു് ഉണ്ടെന്നു ഒരുപക്ഷേ പറയുമായിരിക്കാം. അതുണ്ടായിരുന്നെങ്കിലും കർശനമായി നടപ്പാക്കാനുള്ള ഒരു ശ്രമം നടന്നിട്ടില്ല, അതിനുള്ള ഒരു ഏർപ്പാടും ഉണ്ടായിരുന്നില്ല. ഈ ഷാപ്പ്സു് ആൻറു് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറു് ആക്ടും ഈ സംസ്ഥാനത്തിൻെറ എല്ലാ ഭാഗത്തേക്കും ബാധകമാണോ എന്നുള്ള കാര്യത്തിൽതന്നെ സംശയമുണ്ടു്. ആ നിലയ്ക്കു് ഈ നിയമംകൊണ്ടു് ആനുകൂല്യം കിട്ടാൻ അർഹതയുള്ള ഒരു വിഭാഗത്തിനു് ആനുകൂല്യം കിട്ടാതെവരും. അതുകൊണ്ടു് ഇതു് എല്ലാസ്ഥലത്തേക്കും ബാധകമാക്കുകയും ഇതിൽ പറയുന്ന എല്ലാ വ്യവസ്ഥകളും കർശനമായി നടപ്പാക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്നാണു് എനിക്കു് പ്രധാനമായി അഭ്യർത്ഥിക്കാനുള്ളതു്.

പിന്നെ 60 ദിവസം കഴിഞ്ഞിട്ടുള്ള ഷാപ്പുകളെല്ലാം രജിസ്റ്റർ ചെയ്യണമെന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്. നാം നിയമമുണ്ടാക്കുമ്പോൾ ഇങ്ങനെയൊക്കെ എഴുതിവയ്ക്കും. പക്ഷേ, അതു നടപ്പിൽ വരാറില്ല. അതുകൊണ്ടു് ഇതും കർശനമായി നടപ്പാക്കണം.

പിന്നെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഫാമിലി പ്ലാനിംഗിനെ സംബന്ധിച്ചു വ്യവസ്ഥയും കൊള്ളാം. ഫാമിലി പ്ലാനിംഗിനു് വിധേയമായി ആപ്രേഷനോ മറ്റോ പോകുമ്പോൾ അവധിയും ശമ്പളവും കൊടുക്കണമെന്നു് പറഞ്ഞിരിക്കുന്നതു കൊള്ളാം. ഇതും നല്ല ഒരു വ്യവസ്ഥയാണു്. ഈ ബില്ലു് പാസ്സാക്കിയതുകൊണ്ടു മാത്രം പോര. കർശനമായി നടപ്പിലാക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദു്: സർ, ഏതെങ്കിലും ഷാപ്പുടമകൾ രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ചവരുത്തുകയാണെങ്കിൽ അതിന്മേൽ എടുക്കേണ്ട ശിക്ഷണനടപടികളും ഈ ബില്ലിൽ പറഞ്ഞിട്ടുണ്ടു്. അതിനു് 5 (ഇ) പ്രകാരം അപ്പീൽ കൊടുക്കാം. നിയമപ്രകാരം അപ്പീൽ കൊടുക്കേണ്ടതു് ഡെപ്യൂട്ടി ലേബർ കമ്മീഷണർക്കാണു്. മിക്കവാറും ചെറിയചെറിയ കടകളായിരിക്കും രജിസ്റ്റർ ചെയ്യുന്നവയിൽ അധികവും. അങ്ങനെയുള്ള ചെറിയ ചെറിയ കടകളുടെ ഉടമസ്ഥന്മാർ രജിസ്ട്രേഷനിൽ, വീഴ്ച വരുത്തുകയാണെങ്കിൽ അവക്കു് അപ്പീൽ കൊടുക്കാൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ അടുക്കൽ പോകേണ്ട സ്ഥിതിവിശേഷമാണു് ഇപ്പോൾ സംജാതമായിട്ടുള്ളതു്:

അതുമാറി ഡിസ്ട്രിക്റ്റ് ലേബർ ആഫീസർ എന്നാക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ചെറിയ ചെറിയ കടക്കാർക്ക് വളരെ വൈഷമ്യമായിരിക്കും. ഉദാഹരണമായി ഒരു ചെറിയ പട്ടണത്തിലുള്ള ഒരു കച്ചവടക്കാരനു് ലേബർ കമ്മീഷണറുടെ ആസ്ഥാനമായ ജില്ലാതലസ്ഥാനത്തേക്കോ അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിലേക്കോ പോകാൻ വളരെ പ്രയാസമായിരിക്കും. അതുകൊണ്ടു് അങ്ങനെയുള്ള ചെറുകിട കച്ചവടക്കാർക്ക് ഉണ്ടാകാവുന്ന വിഷമതകൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ ഭേദഗതികൾ ഇതിൽ ഉൾപ്പെടുത്തണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിച്ചുകൊണ്ടും ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, നമ്മുടെ സഭ നിയമനിർമ്മാണപ്രവർത്തനങ്ങളിൽ തൽക്കാലം ഉണ്ടാകാവുന്ന കുറവുകൾ പരിഹരിക്കാൻവേണ്ടി കൊണ്ടുവരുന്ന ഭേദഗതികൾ പലപ്പോഴും ആവശ്യമാണു്. അതു് നിയമത്തിലുള്ള ന്യൂനതകൾ സംക്ഷിപ്തമായി പരിശോധിച്ചു് ഭേദഗതിചെയ്യാൻ സഹായമായിരിക്കട്ടെ. പ്രായോഗികമായ എല്ലാ ബുദ്ധിമുട്ടുകളെയും പരിഗണിച്ചുകൊണ്ടായിരിക്കണം ഭേദഗതികൾ വരുത്തുന്നതു്. ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ജീവനക്കാർക്കു് അവരുടെ സർവ്വീസിനെ സംബന്ധിച്ചും ജോലിയെ സംബന്ധിച്ചും ഒരു രേഖ ഉണ്ടാക്കാനാണു്. ഈ ഭേദഗതി പാസ്സായാൽത്തന്നെയും ഇതു് എത്രകണ്ടു ഫലവത്താക്കിത്തീർക്കാൻ സാധിക്കുമെന്നുള്ളതു് അതു നടപ്പിലാക്കുന്നതനുസരിച്ചിരിക്കും. ഇപ്പോഴത്തെ നിയമമനുസരിച്ചു് മിനിമം വേജസു് ബാധകമായിട്ടുള്ള എല്ലാസ്ഥലത്തും ജീവനക്കാർക്കു് രജിസ്ട്രേഷൻ വേണമെന്നുണ്ടു്. ഇന്നു് ഷോപ്പ്സ് ആൻഡു് എസ്റ്റാബ്ലിഷ്മെൻറു് ആക്റ്റു് അനുസരിച്ചുള്ള നടപടി നടത്താൻ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ സ്ഥലത്തുചെല്ലുമ്പോഴും മുഴുവൻപേരുടെയും പേരു് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കുകയില്ല. മുമ്പൊക്കെ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അന്വേഷിക്കാൻ ചെല്ലുന്ന അവസരത്തിൽ രജിസ്റ്റർചെയ്യാത്ത ഏതെങ്കിലും ജീവനക്കാരൻ അവിടെ ഹാജരുണ്ടായിരുന്നാൽ ആ കാരണംവച്ചുകൊണ്ടുതന്നെ അയാളെ പിരിച്ചുവിട്ടുമായിരുന്നു. അതിനു് ഒരു പരിഹാരമാണു് ഈ ഭേദഗതി. ഒരു ഷോപ്പു് രജിസ്റ്റർ ചെയ്യണമെങ്കിൽ അവിടത്തെ ജീവനക്കാരുടെ എല്ലാ പേരുടെയും പേരു് ഉണ്ടായിരിക്കണം. ഏതെങ്കിലും വിട്ടുപോയാൽ ആ തൊഴിലാളിക്കു് സ്വകാര്യമായിട്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിച്ചുകഴിഞ്ഞു് ആ തെറ്റു തിരുത്തിയാലല്ലാതെ രജിസ്റ്റർ ചെയ്യുകൊടുക്കേണ്ട എന്നുള്ളതു് ഒരു മെച്ചമാണു്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട പി. എസ്, നമ്പൂതിരി ചൂണ്ടിക്കാണിച്ചതുപോലെ ജീവനക്കാരുടെ സർവ്വീസുംകൂടി ഉൾക്കൊള്ളിക്കുന്നതു നന്നായിരിക്കും. അതിനു് ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതി കൊണ്ടുവന്നാൽമതി. സർവ്വീസു് കാണിച്ചിട്ടില്ലെങ്കിൽ കുറച്ചുകഴിഞ്ഞു് രജിസ്റ്റർ കാണാനില്ല, രേഖകളൊന്നും കാണാനില്ല എന്നുപറഞ്ഞാൽ സെക്യൂരിറ്റി ഓഫ് എംപ്ലോയ്മെൻറു് കൊടുത്തിട്ടുള്ള ബെനിഫിറ്റു് കിട്ടുകയില്ല. മുഴുവൻ തൊഴിലാളികളുടെയും രജിസ്റ്റർ വഞ്ചനാതെ രക്ഷപ്പെടാൻ ശ്രമിക്കുന്നതുപോലെതന്നെ അവരുടെ സർവ്വീസിനെ സംബന്ധിച്ചിടത്തോളവും അതുപോലെ ഒരു നിലപാടു സ്വീകരിക്കാൻ ഇടയുണ്ടു്.

ക്ലാസ്സു് 5 (എ) യിൽ പത്തുദിവസത്തെ നോട്ടീസു് പറയുന്നുണ്ടു്. 10 ദിവസത്തിനകം നോട്ടീസു് കൊടുക്കണമെന്നാണു് ഇതിൽ പറഞ്ഞിട്ടുള്ളതു്. നേരേമറിച്ചു് ഒരു മാസം എന്നു പറഞ്ഞാൽ മെച്ചമായിരുന്നു. പത്തുദിവസം എന്നുവച്ചാൽ അതുപോലെ ചെയ്തില്ലെങ്കിൽ നിയമലംഘനം എന്നുള്ളതിന്റെ പേരിൽ നടപടി നടത്താം. അതുകൊണ്ടു് "after ten days" എന്നതിനു പകരം "before one month" എന്നു് ഭേദഗതി ചെയ്യാമെങ്കിൽ ഏറ്റവും വിഷമമേറിയ ഒന്നാണ്ടു പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഈ കാര്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഭേദഗതി കൊണ്ടുവന്നാൽ നമുക്കു് അംഗീകരിക്കാം. ഈ ചെറിയ ഭേദഗതിയോടുകൂടി ഇതു പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്സ്. ഉണ്ണി: സർ, ഇതു് അവസാനമായി പാസ്സാക്കുന്നതിനു മുൻപു് ഒന്നുരണ്ടു കാര്യങ്ങളം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടി മാത്രമാണു് ഞാൻ സംസാരിക്കുന്നതു്. ഷോപ്പ്സ് ആൻഡു് എസ്റ്റാബ്ലിഷ്മെൻറു് ആക്ടിൽ പ്രധാനമായും പറഞ്ഞിട്ടുള്ളതു് തൊഴിലാളികൾക്കു കിട്ടേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും അവരുടെ ജോലിയെ സംബന്ധിച്ചും കടകൾ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചും തൊഴിലാളികളുടെ എണ്ണം നിശ്ചയിച്ചു് രജിസ്റ്റർ സൂക്ഷിക്കുന്നതിനെ സംബന്ധിച്ചുമൊക്കെയാണു്. പല നിയമങ്ങളും നടപ്പാക്കുന്ന കാര്യത്തിൽ ഇന്നുണ്ടാകുന്ന വിഷമതകളം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നു് ഞാനാഗ്രഹിക്കുകയാണു്. ഇതു് കൈകാര്യം ചെയ്യേണ്ടതു് പ്രധാനമായി ലേബർ ഡിപ്പാർട്ടുമെൻറിൻെറ എൻഫോഴ്സ്മെൻറു് വിഭാഗമാണു്. നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഓരോ വിഭാഗത്തിനും ഇൻസ്പെക്ടർമാരെ വച്ചിട്ടുണ്ടു്. ആ വിഭാഗം എത്രമാത്രം ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടു് എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് കാര്യമായി പരിശോധിക്കേണ്ടതാണു്. വളരെ ശ്രദ്ധക്കാന്തിയോടുകൂടിയുള്ള പ്രവർത്തനം ആ ഭാഗത്തുള്ള ഉദ്യോഗസ്ഥന്മാരിൽ നിന്നു് ഉണ്ടാകുന്നില്ലെന്നുള്ളതു് ഒരു സത്യമാണു് അക്കാര്യത്തിൽ വളരെവളരെ പരാതികളം ഉണ്ടായിട്ടുണ്ടു്; കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. അതിനു് ഒരു പരിഹാരം ആവശ്യമാണെന്നുള്ള അഭിപ്രായം ഈ സഭാവേദിയിൽത്തന്നെ ഉയർന്നുവന്നിട്ടുള്ളതുമാണു്. ലേബർ ഡിപ്പാർട്ടുമെൻറു് ആകെയൊന്നു പുനഃസംഘടിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും ഉള്ള ഒരു ശ്രമം ഗവണ്മെൻറു് നടത്തുന്നുണ്ടു് എന്നുള്ളതു് കൗച്ചൊരു ആശാവഹമായ കാര്യമാണു്. എന്നിരുന്നാലും ഓരോ വിഭാഗത്തിലുമുള്ള ഇൻസ്പെക്ടർമാർ മുതൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാർ വരെയുള്ളവർ ചെയ്തിരിക്കേണ്ട കാര്യങ്ങളം നിർവ്വഹിക്കേണ്ട കർത്തവ്യം ശ്രദ്ധക്കാന്തിയോടും നിഷ്ക്കർഷയോടും നിർവ്വഹിക്കുന്നില്ലെന്നുള്ള പരാതി പരിശോധിക്കേണ്ടതാണു്.

കാലാകാലങ്ങളിൽ മിനിമംവേജസു് പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറു നടത്തുന്നുണ്ടു്. മിനിമംവേജസു് നിശ്ചയിക്കപ്പെട്ടിട്ടുള്ള പല വ്യവസായങ്ങളിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള ശമ്പളം തൊഴിലാളികൾക്കു് കിട്ടുന്നില്ലെന്നും ആക്ടിലെ വ്യവസ്ഥകളം നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഉള്ള കാര്യങ്ങളം ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുള്ളതാണു്. ഉദാഹരണത്തിനു് കയർ വ്യവസായം. ഏതായാലും ഇതിൻെറ ഇംപ്ലിമെൻേറഷനെ സംബന്ധിച്ചിടത്തോളം പലവിധത്തിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളം ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയോ അവർ ആ കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധക്കാന്തിക്കുറവോ അല്ലെങ്കിൽ അവരുടെ പിടിപ്പുകേടോ ആണെന്നുള്ളതു് പ്രധാന കാര്യമാണു്.

ലേബർ ഡിപ്പാർട്ടുമെൻറിലെ എൻഫോഴ്സ്മെൻറു് വിഭാഗം എന്നു പറയുന്നതു് അത്ര ഫലപ്രദമായി പ്രവർത്തിക്കുന്ന, ശ്രദ്ധക്കാന്തിയോടെ പ്രവർത്തിക്കുന്ന ഒരു വിഭാഗമല്ല. ഇതിനു് വേറെ ഒരു കാരണമുണ്ടു്. നിയമങ്ങളം നടപ്പിലാക്കുന്ന ഇൻസ്പെക്ടർമാർക്കു് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഇന്നു നിലവിലുണ്ടോ എന്നുള്ളതാണു്. ഇതും ഗവണ്മെൻറു് പരിശോധിക്കേണ്ട ഒരു കാര്യമാണു്. ചട്ടപ്രകാരം അധികാരം വിനിയോഗിക്കാൻ അവർ തയ്യാറാണു് എന്നുണ്ടെങ്കിൽപ്പോലും അവർക്കു് പ്രവർത്തിക്കാൻ സാധിക്കാത്ത നിരവധി അസൗകര്യങ്ങളുണ്ടു്, തടസ്സങ്ങളുണ്ടു്. ഇതും ഗവണ്മെൻറു പരിഗണിക്കണം. ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറു് ആക്ടു് അനുസരിച്ചു് വ്യവസ്ഥകളം പാലിക്കാത്ത ഷോപ്പുടമകൾക്കു് എതിരായി പ്രോസിക്യൂഷൻ നടപടി നടത്താൻ ഇൻസ്പെക്ടർക്കു് അധികാരമുണ്ടു്. ഈ ഉദ്യോഗസ്ഥനു് നിയമംലംഘിച്ച ഷോപ്പുടമയോടു് സമാധാനം ആവശ്യപ്പെടാനും ഷോകോസു് നോട്ടീസു് കൊടുക്കാനും ആവശ്യമായ അന്വേഷണങ്ങളം നടത്തി പ്രോസിക്യൂട്ടു ചെയ്യാനും ഉള്ള പവ്വേഴ്സ് ഉണ്ടു്. എന്നാൽ ലേബർ

ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക ക്ലർപ്പാടനസരിച്ച് അയാളെക്കൊ അങ്ങനെയൊരു പ്രോസിക്യൂഷൻ നടപടി നടത്തണമെങ്കിൽ ഡിസ്ട്രിക്റ്റ് ലേബർ ആഫീസറുടെ അനുവാദം വേണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മഹസ്സറൊക്കെ എഴുതി എല്ലാ നടപടികളും പൂർത്തിയാക്കിയശേഷം ഫാർമൽ സാംഗ്ഷനുവേണ്ടി ഡിസ്ട്രിക്റ്റ് ലേബർ ആഫീസറെ സമീപിക്കണമെന്നും ഡിസ്ട്രിക്റ്റ് ലേബർ ആഫീസർ അംഗീകാരം കൊടുത്താലേ കേസ് ഫയൽചെയ്യാവൂ എന്നുമുള്ള വ്യവസ്ഥ ലേബർ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാക്കിവച്ചിട്ടുണ്ട്.

അങ്ങനെയുള്ള പല കേസ്സുകളിലും അന്വേഷണത്തിനു വിധേയമാക്കി അതിനുള്ള എല്ലാ പ്രാരംഭനടപടികളും നടത്തി ഈ ക്ലർപ്പാടനസരിച്ചുള്ള ഫോർമൽ സാംങ്ഷനു വേണ്ടി സമീപിക്കുമ്പോഴും പലതിലും "prosecution not needed at this stage" എന്നെഴുതി ഫയൽ ക്ലോസ് ചെയ്തിട്ടുണ്ടെന്നുള്ളതു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള കാര്യമാണു്. ആ നടപടി ശരിയല്ല. അതിന്റെ എൻഫോഴ്സ്മെൻറിനുവേണ്ടി ചട്ടപ്രകാരം അന്വേഷണം നടത്തേണ്ട ഉദ്യോഗസ്ഥനു് അയാളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചു് ഉത്തമബോദ്ധ്യത്തോടുകൂടി നടപടി നടത്താനുള്ള സൗകര്യവും സ്വാതന്ത്ര്യവും അനുവദിക്കണമെന്നുള്ളതു് വളരെ ആവശ്യമുള്ള കാര്യമാണു്. നിയമത്തിലെ വ്യവസ്ഥകളും അനുസരിച്ചു് നീതി ലഭ്യമാകണമെങ്കിൽ, അന്വേഷണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും സാധൂകരിക്കണമെന്നുണ്ടെങ്കിൽ ഇതു് അംഗീകരിക്കേണ്ടതു് ആവശ്യമാണു്. ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കുന്ന അധികാരം വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം വളരെവേഗം ഗവണ്മെന്റു് അംഗീകരിക്കണം.

മറെറാന്നു് ഈ ഉദ്യോഗസ്ഥന്മാർക്കു് അനുവദിച്ചിട്ടുള്ള സാഹചര്യങ്ങളും സഹായങ്ങളും അനുസരിച്ചു് എത്രമാത്രം പ്രവർത്തിക്കാൻ കഴിയുമെന്നുള്ളതാണു്. പല ഇൻസ്പെക്ടർമാരും പറയുന്നതു് നോട്ടീസ്സു് അയയ്ക്കുന്നതിനുള്ള പോസ്റ്റൽ ചെലവു് വളരെ കൂടുതൽ ആകുന്നുണ്ടു് എന്നാണു്. ഇപ്പോഴത്തെ പോസ്റ്റൽച്ചെലവിനായിട്ടു് അനുവദിച്ചിട്ടുള്ളതു് ഒരു വർഷം ഒരു ആഫീസിലേയ്ക്കു് അമ്പതു രൂപയാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. രജിസ്റ്റർ നോട്ടീസ്സു് അയച്ചു് പ്രോസിക്യൂഷനു് വിധേയമാക്കണമെന്നുണ്ടെങ്കിൽ അതിൽ എത്രമാത്രം പോസ്റ്റൽച്ചെലവു് വേണ്ടിവരുമെന്നതുകൂടി കണക്കാക്കാവുന്നതാണു്. അങ്ങിനെ എത്ര കേസ്സുകളും ഒരു വർഷം എടുക്കാൻ കഴിയുമെന്നുള്ളതു് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. ഇത്തരം നിയമങ്ങളും ഉണ്ടാക്കിവെച്ചതുകൊണ്ടുമാത്രമായില്ല, ക്രമക്കേടുകളും ഒഴിവാക്കുന്നതിനും, ന്യായം നടത്തുന്നതിനും നീതി ലഭിക്കുന്നതിനും ഉപകരിക്കത്തക്കവിധത്തിലായിരിക്കണം അവയുടെ പ്രവർത്തനം. അതിനുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും ഇതു് നടപ്പാക്കാൻ ചുമതലപ്പെട്ടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നില്ലെങ്കിൽ ഇതുപോലുള്ള നിയമങ്ങളും ഏട്ടിലെ പശുക്കളായിത്തന്നെ അവശേഷിക്കും. അതുകൊണ്ടു് ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കു് അവർക്കു് ജോലിചെയ്യാൻ സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റു് ശ്രദ്ധിക്കാന്തി കാണിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ജോലിചെയ്യാത്ത ഉദ്യോഗസ്ഥന്മാരെ ജോലി ചെയ്യിക്കാനുള്ള സന്നദ്ധത ഗവണ്മെന്റിനു് ഉണ്ടാകണമെന്നു് ഈ ബില്ലു് പാസ്സാകുന്നതിനുമുമ്പു് ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുകയാണു്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, സെലക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ള "കേരള ഷോപ്പ്സ് ആൻഡ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റു" ബില്ലിൽ ചില പാകപ്പിഴകൾ കടന്നുകൂടിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. അടിയന്തരമായി നിയമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ കൊണ്ടുവരുമ്പോൾത്തന്നെ ആ നിയമങ്ങളുടെ പ്രവർത്തനത്തിൽ വളരെയേറെ പ്രയാസങ്ങൾ സാധാരണക്കാർക്ക് വരുത്തിവയ്ക്കുക പലപ്പോഴും സ്വാഭാവികമാണ്. ആ നിലയ്ക്ക് ഇതിലും സാധാരണക്കാർക്കുണ്ടാകാവുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നിയമമനുസരിച്ച് വലിയ തൊഴിൽശാലകളിൽ പണിയെടുക്കുന്ന വിഭാഗം തൊഴിലാളികളെമാത്രമല്ല ഇതിലെ വ്യവസ്ഥകൾ ബാധിക്കുന്നത്. ഈ നിയമത്തിൽ 1960–ലെ കേരള ഷോപ്പ്സ് ആൻഡ് കമ്മേഴ്സ്യൽ ആക്റ്റിലെ ഒരു വകുപ്പുകൂടി ചേർത്തിട്ടുണ്ട്. കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറിനെ ഡെഫനിഷനിൽ പറയുന്നത്.

"Commercial establishment" means a commercial or industrial or trading or banking or insurance establishment, an establishment or administrative service in which the persons employed are mainly engaged in office work, hotel, restaurant, boarding or eating house, cafe or any other refreshment house, a theatre or any other place of public amusement or entertainment and includes such other establishment as the Government may, by notification in the gazette, declare to be a commercial establishment for the purpose of this Act, but does not include a factory to which all or any of the provisions of the Factories Act, 1948 (Central Act 63 of 1948) apply.

ചുരുക്കിപ്പറഞ്ഞാൽ ഇതിൽ മൂലനിയമത്തിലെ shop establishment, commercial establishment എന്നീ വാക്കുകളുടെ നിർവ്വചനം അനുസരിച്ച് നമ്മുടെ നാട്ടിലെ എല്ലാത്തരം കടകളും ഇതിനെറ പ്രവർത്തനപരിധിയിൽ വരുന്നതാണ്. എല്ലാത്തരം കടകളെയും ബാധിക്കുന്ന രീതിയിൽ കൊണ്ടുവരുന്ന ഈ ഭേദഗതി ബില്ലിൽ പറയുന്നത് ഒരു രജിസ്ട്രേഡ് ആപ്ലിക്കേഷൻ കൊടുത്തിരിക്കണമെന്നാണ്. ആ ആപ്ലിക്കേഷനിൽ താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം.

"The application shall specify the following particulars namely:—

(a) the name of the employer and the manager, if any;

(b) the postal address of the establishment;

(c) the name, if any, of the establishment;

(d) the category of the establishment, that is to say, whether it is a shop or a commercial establishment;

(e) the number and names of employees employed in the establishment."

അതിനോടനുബന്ധമായി 5(c) യിൽ മറെറാരു വകുപ്പ് ഉണ്ട്; എംപ്ലോയർ ഈ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർട്ടിഫിക്കറിനു് അപേക്ഷ സമർപ്പിച്ച് അതു് കിട്ടിയതിനുശേഷം എന്തെങ്കിലും മാറ്റം വരുന്നപക്ഷം തക്കസമയത്തു് പ്രിസ്ക്രൈബ്ഡ് അതാറിട്ടിയെ അറിയിക്കണമെന്നുള്ളതാണ്.

5c. A registration certificate granted or renewed under this Act shall be prominently displayed by the employer in the premises of the establishment.

(2) The employer shall given notice in the prescribed from to the competent authority and the Inspector having jurisdiction over the area in which the establishment is situate of any change in respect of any of the particulars.

ഈ നോട്ടീസ് അയയ്ക്കുന്നതിൽതന്നെ ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് കൊടുക്കണം. അതു ലംഘിച്ചാൽ ഫൈൻ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Whoever commits any breach of the provisions of sections 5A and 5C of Chapter IA shall be punishable,—

(a) with fine which may extend to two hundred and fifty rupees and in case of continuing breach with fine which may extend to ten rupees for every day during which the breach continues after conviction for the first breach, or

(b) with fine which may extend to ten rupees for every day during which the breach continues after receipt of notice from the competent authority to dis-continue such breach.

സർ, ഞാൻ ഉദാഹരണമായിട്ട് പറയാനാഗ്രഹിക്കുന്നത് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഒരേയൊരു ജോലിക്കാരനെവച്ചുകൊണ്ട് നടത്തുന്ന ചരക്കുകടകളുടെയും ചായക്കടകളുടെയും കാര്യമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഗ്രാമപ്രദേശങ്ങളിലെ ഇത്തരം ഷാപ്പുകളും ഈ എസ്റ്റാബ്ലിഷ്മെൻറിന്റെ പരിധിയിൽപ്പെടുന്നതാണോ?

ശ്രീ. കെ. എം. മാണി: അതിനുള്ള സമാധാനം ബഹുമാനപ്പെട്ട മന്ത്രിയാണ് പറയേണ്ടത്. 1960—ലെ ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ ആക്ടിലെ നിർവ്വചനമനുസരിച്ച് ഒരൊറ്റ തൊഴിലാളിയെ വച്ച് നടത്തുന്ന പലചരക്കുകടയും ചായക്കടയും ഈ നിയമത്തിന്റെ കീഴിൽ വരുന്നതാണ്. ഒരൊറ്റ തൊഴിലാളിയെ വച്ചു നടത്തുന്ന വാണിജ്യവ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ തൊഴിലാളികളുടെ പേരു്, മേൽവിലാസം ഇതെല്ലാം കാണിച്ചിരിക്കണം. ഒരു ദിവസം കഴിഞ്ഞു് അയാളെ മാറ്റി മറ്റൊരു തൊഴിലാളിയെ എടുക്കുകയാണെങ്കിൽ നോട്ടീസ് പ്രിസ്ക്രൈവിംഗ് അതാറിട്ടിക്കു് അയച്ചിരിക്കണം. അതിനുള്ള ഫീസുകൂടി വയ്ക്കണം. ഏതെങ്കിലും കാരണവശാൽ അതു് അയയ്ക്കാൻ പറ്റിയില്ലാ എങ്കിൽ 200 രൂപയാണ് ശിക്ഷ. കൂടുതൽ തൊഴിലാളികളെ പണിയെടുക്കുന്ന വാണിജ്യ വ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമം കർശനമാക്കുന്നതിൽ വിരോധമില്ല. അതിലെ നിർവ്വചനമനുസരിച്ച് വലിയ വാണിജ്യ വ്യാപാരസ്ഥാപനങ്ങളിൽ ഈ നോട്ടീസ് അയയ്ക്കുന്നതിനും ഫീസ് വയ്ക്കുന്നതിനും ശിക്ഷ കൊടുക്കുന്നതിനുംവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്; ഇതിന്റെ ഉദ്ദേശമൊക്കെ കൊള്ളാം. എന്നിരുന്നാലും ഇതിന്റെ പ്രായോഗിക പ്രവർത്തനത്തിൽ നമ്മുടെ രാജ്യത്തിലെ എല്ലാ വാണിജ്യ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. സാധാരണ ജനങ്ങൾക്കു് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളതു് ആവശ്യമായ ഒരു തരംതിരിവു് ആവശ്യമാണെന്നാണ്. ചില വലുതായിട്ടുള്ള വാണിജ്യവ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇതിൽ ബാധകമാക്കണമെന്നുള്ള ഏർപ്പാടു് കൊള്ളാം. ചെറിയ തരം വ്യാപാര സ്ഥാപനങ്ങളെ ഇതിൽ ഉൾപ്പെടുത്തരുതു്, ഉൾപ്പെടുത്തുന്നതു് ശരിയല്ല. എന്തിനു വേണ്ടി ഉൾപ്പെടുത്തുന്നു. ജനങ്ങളെ ഹീനലൈസ് ചെയ്യുന്ന, ജനങ്ങളെ മർദ്ദിക്കുന്ന ക്രൂരവിനോദം മന്ത്രിക്കു് ആവശ്യമാണെങ്കിൽ ഇതു ചെയ്തുകൊള്ളുക. അതിൽ എനിക്കു വിരോധമില്ല.

സർ, മറ്റൊരു രസകരമായ കാര്യം എനിക്കു പറയാനുണ്ട്.

9 Special casual leave for terilisation operation: Every employee who undergoes sterilisation operation shall be entitled to special casual leave with wages for a period not exceeding—(a) six days in the case of a male employee; and (b) fourteen days in the case of a female employee."

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ഇതിൽ എഴുതിച്ചേർക്കണമോയെന്നു് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതാണു്. ഏതായാലും സർക്കാർ സ്റ്റെരിലൈസേഷൻ ഓപ്പറേഷൻ നടത്തുന്ന വർക്കു് 25 രൂപ പാരിതോഷികമായി കൊടുക്കുന്നുണ്ടു്. സ്റ്റെരിലൈസേഷൻ ഓപ്പറേഷനുശേഷം സ്പെഷ്യൽ കാഷ്വൽ ലീവു് ഇതൊക്കെ ഈ നിയമത്തിൽ എഴുതിച്ചേർക്കണമോ അല്ലെങ്കിൽ മറ്റു കാര്യങ്ങളും പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെന്റു് ചെയ്താൽ മതിയോ എന്നുള്ള കാര്യങ്ങളൊക്കെ ആലോചിക്കേണ്ടതാണു്. ഏതായാലും ഇതിനകത്തു് താഴെക്കിടയിലുള്ള വ്യാപാരികളും രക്ഷിക്കപ്പെടണം. അവരെ കൃശിക്കാതെ രക്ഷിക്കത്തക്കവിധത്തിൽവേണ്ട സംരക്ഷണനടപടി ഈ നിയമത്തിൽ ഉണ്ടാകണം. അതിനാവശ്യമായ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ.

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, വളരെ ആവശ്യമായ ഈ ബില്ലിനെക്കുറിച്ചു് ഇതു് ക്രൂരമായ ഒരു വിനോദമാണെന്നു പറയുന്ന ബഹുമാനപ്പെട്ട മാണിയുടെ ഭാവനാവിലാസത്തിൽ ഞാൻ അത്ഭുതപ്പെടുകയാണു്. ഗുണമുള്ള പല കാര്യങ്ങളും ഇതിനകത്തുണ്ടെന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഈ ബില്ലു് ക്രൂരമായ വിനോദത്തിനോ ആരെയും ദ്രോഹിക്കാനോ അല്ല. ചെറിയ ചെറിയ ഷാപ്പുടമകളും, പഞ്ചപുച്ഛമടക്കിനിന്നാലും ജീവനക്കാരനു്, കൂലികൊടുക്കാതെയധേഷ്ടം പിരിച്ചുവിടുകയും സകലവിധ അനീതികളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന മുതലാളിമാരിൽ നിന്നു് അവർക്കുവേണ്ടി ജോലി ചെയ്യുന്ന ജീവനക്കാരെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു ബില്ലാണിതു്. ഇതിൽ ക്രൂരമായ വിനോദം ഒന്നും ഇല്ല. ക്രൂരമായ വിനോദം മനുഷ്യനു നേരെ നടത്തിക്കൊണ്ടിരിക്കുന്നവരിൽനിന്നു് മറ്റൊരുകൂട്ടം മനുഷ്യരെ രക്ഷിക്കാനുള്ള ഒരു ബില്ലാണിതു്. പരിഷ്കൃത സ്റ്റാൻഡേർഡുകളനുസരിച്ചു് ഗ്രേറ്റുബ്രീട്ടൻ വ്യാവസായിക കാര്യങ്ങളിലും തൊഴിൽ കാര്യങ്ങളിലും ഒരുവിധം നല്ല ചില ക്രമങ്ങളാണു് ഉണ്ടാക്കിയിരിക്കുന്നതെന്നു് പറയാറുണ്ടു്. അവിടത്തെ ഫാക്ടറി നിയമമനുസരിച്ചു് ഒരാളെ തൊഴിലിനു വയ്ക്കുകയാണെങ്കിൽത്തന്നെ ഫാക്ടറി ആക്ടറിൽ അനുശാസിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അയാൾക്കു കൊടുക്കണമെന്നുള്ളതാണു്. ഈ ബില്ലു് ബ്രീട്ടനിലെ ഫാക്ടറി ആക്ടറിന്റെ മാതൃകയിലുള്ള ഒരു ബില്ലാണു്. ഇപ്പോഴത്തന്നെ ഇവിടെ വളരെ വളരെ ദരിദ്രരായിട്ടുള്ളവർ ഫാക്ടറികളും വ്യവസായശാലകളും നടത്തുന്നുണ്ടു്. സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറയുന്നതു് ദരിദ്രരായിട്ടുള്ളവരെ വ്യവസായം നടത്താൻ അനുവദിക്കരുതെന്നാണു്. നമ്മുടെ സുപ്രീംകോടതിതന്നെ പറയുകയുണ്ടായിട്ടുണ്ടു്, മിനിമംവേജസു് കൊടുക്കാൻ സാദ്ധ്യതയില്ലാത്ത ഒരു വ്യവസായത്തിനും വ്യാപാരത്തിനും നിലനില്പിനു് അവകാശമില്ല എന്നു്. അതിൽ കവിഞ്ഞ ഒരു നിയമോപദേശം ഇക്കാര്യത്തിൽ നമ്മുടെ രാജ്യത്തിനു് ആവശ്യമില്ല എന്നു ശ്രീ. മാണി മനസ്സിലാക്കണം. പക്ഷേ നിർഭാഗ്യവശാൽ അദ്ദേഹത്തിനു സംരക്ഷിക്കാനുള്ള മുതലാളിത്തത്തിന്റെ ഇളയതലമുറയെ കാത്തുരക്ഷിക്കാൻ അദ്ദേഹം പരിശ്രമിക്കുന്നുവെന്നതിൽ എനിക്കു വിരോധമില്ല. മുതലാളിമാക്കെതിരായി യാതൊന്നും ചെയ്യുന്നില്ല. പക്ഷേ ഗവണ്മെന്റു കൊണ്ടുവരുന്ന നല്ല നിയമങ്ങളും നടപ്പിലാക്കാൻ ശ്രമിക്കും. എതിർക്കുകയാണെങ്കിൽ എതിർക്കുന്നവരുടെ നേരെതന്നെ അതു നടപ്പിലാക്കുകയും ചെയ്യും. എതിർപ്പുകളെ അംഗീകരിക്കുവാൻ സാധിക്കുകയില്ല.

പിന്നെ വേറൊന്നു പറഞ്ഞതു് ലീവിനെ സംബന്ധിച്ചാണു്. അതു് ഫാമിലി പ്ലാനിംഗു് സംബന്ധിച്ചുള്ളതാണു്. ഇൻഡ്യാ ഗവണ്മെന്റു് ഫാമിലി പ്ലാനിംഗു് നയം നടപ്പിലാക്കുകയും അതു് ഈ രാജ്യത്തു് ഒരു നിയമംപോലെ പ്രാബല്യത്തിൽ വരികയും ചെയ്യുമ്പോൾ ഇൻഡ്യാ ഗവണ്മെന്റിനെ എതിർക്കാൻ ധൈര്യമില്ലാതെ ഇവിടെ വന്നു് അതു ശരിയല്ലെന്നു പറഞ്ഞിട്ടു കാര്യമില്ല. ഇൻഡ്യാ ഗവണ്മെന്റിനോടു പറയണം. ഇവിടെ പറഞ്ഞാൽ പ്രയോജനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെയുണ്ടായ വിമർശനങ്ങളും ഈ ബില്ലിനെ സ്വാഗതം ചെയ്യുകയും പോരായ്മകളും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നവയാണ്. അവ ശരിയാണെന്നാണ് എന്റെ പൂർണ്ണവിശ്വാസം. തൊഴിലാളികളുടെ സർവ്വീസ് എന്തായിരിക്കണമെന്നും ഈ രേഖയിൽ ഉണ്ടായിരിക്കണം എന്നും ബഹുമാനപ്പെട്ട നമ്പൂതിരി പറഞ്ഞതു ശരിയാണ്. പക്ഷേ അതു് ഒരു അമെൻഡ്മെന്റായി കൊണ്ടുവരാതിരുന്ന സ്ഥിതിക്കു് ബില്ലിന്റെ ഈ അവസാനഘട്ടത്തിൽ സ്വീകരിക്കാൻ സാധിക്കാത്തതിൽ ഞാൻ പരിതപിക്കുകയാണ്. റൂൾസ് ഉണ്ടാക്കുമ്പോഴും ആ കാര്യങ്ങളും പ്രത്യേകം ശ്രദ്ധിക്കാമെന്നും നടപ്പാക്കാമെന്നും ഉറപ്പുണ്ട്.

ശ്രീ. കുഞ്ഞച്ചന്റെ വ്യാപകമായ വിമർശനം, നിയമങ്ങളും നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരിനു വളരെ അമാന്തമാണെന്നാണ്. ഇതു കേരള സർക്കാരിന്റെ മാത്രമല്ല എല്ലാ സർക്കാരിന്റെയും കാര്യമാണ്. മനുഷ്യസഹജമായ കുറെങ്ങളുടെയും കുറവുകളുടെയും ഫലമായ പോരായ്മയാണിതു്. പ്രത്യേകം ഉദ്യോഗസ്ഥന്മാരെ വാർത്തെടുക്കുന്ന മെഷീനറി ഉണ്ടാകുന്നതുവരെ ഈ ദൗർബല്യങ്ങളും പോരായ്മകളും നാം സഹിക്കേണ്ടിവരും. എങ്കിലും പ്രധാനമായും ആരുടെ ഗുണത്തിനും സംരക്ഷണത്തിനുംവേണ്ടിയാണോ ഈ നിയമം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് അവരുടെ ആവശ്യത്തിനനുസരിച്ചു് നടപ്പാക്കും എന്നു പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

ശ്രീ. അഹമ്മദു് പറഞ്ഞതും സ്വീകാര്യമായ കാര്യമാണു്; ആവശ്യമുള്ള കാര്യമാണു് അതുപോലെ, ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞ കാര്യങ്ങളും സ്വീകരിക്കുന്നതിനും തരക്കേടില്ല. ഒരു കാര്യമേ ആലോചിക്കാനുള്ളു. നിയമം കൊണ്ടുവരുന്നതു് മനുഷ്യരെ ദ്രോഹിക്കാനല്ല; സമൂഹത്തിലെ ക്രമരഹിതമായ പെരുമാറ്റങ്ങളെ ക്രമീകരിക്കുന്നതിനുവേണ്ടിയാണ്. അത്തരത്തിലുള്ള ഒരു നിയമത്തിന്റെ എല്ലാ മാർദ്ദവത്തോടുകൂടിയും, സംരക്ഷിക്കേണ്ടവരെ സംരക്ഷിക്കാനാവശ്യമായ എല്ലാ ഗൗരവത്തോടുകൂടിയും പ്രവർത്തിക്കും എന്നാണ് എനിക്കു സഭയെ അറിയിക്കാനുള്ളതു്. അതുകൊണ്ടു് ഇതു് ഇന്നത്തെ നിലയിൽ അവസാനമായി പാസാക്കിത്തരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1969 be finally passed was put and carried.

The Bill was passed.

(iii) *The Kerala Electricity duty (Amendment) Bill 1968.*

Industries Ministers (**Shri T. V. Thomas**) : Sir, I move that the Kerala Electricity duty(Amendment) Bill, 1968, be taken into consideration.

Education Minister (**Shri C. H. Muhammad Koya**): Sir, I second it.

ശ്രീ. ടി. വി. തോമസ് : സർ, ഈ ബിൽ യാതൊരു ഭേദഗതിയുംകൂടാതെയാണ് സെലക്ററ് കമ്മിറ്റി റിപ്പോർട്ട ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് കൂടുതലായി ഇതിനെപ്പറ്റി സംസാരിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. ബിൽ പരിഗണനക്കു് എടുക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ പി. ഉണ്ണികൃഷ്ണപിള്ള : സർ, കൺസ്യൂമർമാർ സ്വയം ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയെ സംബന്ധിക്കുന്ന ബിൽ ആണല്ലൊ ഇതു്. ഇതിൽ ചില ആളുകളെ ഒഴിവാക്കുന്നതിനു വ്യവസ്ഥയുള്ളതായിക്കാണുന്നു. എന്നാൽ അതു വ്യക്തമല്ല എങ്ങനെയാണു് ഉല്പാദിപ്പിക്കുന്നതു്, അതിന്റെ തോതു് എന്താണു് എന്നുള്ളതിനെ സംബന്ധിച്ചു് യാതൊരു വ്യക്തതയും ഇല്ല. കൺസ്യൂമർമാർ വലിയ ബാറ്ററിവച്ചു പ്രവർത്തിക്കുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : ബാറ്ററിവച്ച പ്രവർത്തിക്കുന്നതും ഈ ബില്ലിന്റെ പരിധിയിൽ വരുമെന്ന ഭയപ്പെടുന്നതു ശരിയല്ല. ഷെഡ്യൂളിൽ ഏതെല്ലാം ഇനങ്ങൾ വരുമെന്നു സൂചിപ്പിച്ചിട്ടുണ്ട്. ജനറേറ്റർ വച്ചു ഉൽപ്പാദിപ്പിക്കുന്നതെന്നും അതും, ഇതു വോൾട്ടേജിൽകൂടുതൽ ഉല്പാദിപ്പിക്കുന്നതും മാത്രമേ ഈ ബില്ലിന്റെ പരിധിയിൽപെടുകയുള്ളൂ. ഷെഡ്യൂൾ നീരക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാത്രമേ ഡ്യൂട്ടിക്കു വിധേയമാകുകയുള്ളൂ. ബാറ്ററിവച്ചു കറന്റു ഉൽപ്പാദിപ്പിക്കുന്നവരെ ഈ ബില്ലിൽ ഉൾപ്പെടുത്തുകയില്ല.

The question that the Kerala Electricity Duty (Amendment) Bill, 1968, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 *to* 7

The question that Clauses 2 to 7 stand part of the Bill was put and carried.

Clauses 2 to 7 were added to the Bill.

Clause 1. *Preamble and Title.*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri. T. V. Thomas: Sir, I move that the Kerala Electricity Duty (Amendment) Bill, 1968, be finally passed.

Education Minister (**Shri. C. H. Muhammad Koya**):

Sir, I second it.

The question that the Kerala Electricity Duty (Amendment) Bill, 1968, be passed was put and Carried.

The Bill was passed.

(6) *The Kerala Education* (*Amendment and Validation*) *Bill*, 1969.

Education Minister (**Shri. C. H. Muhammad Koya**): Sir, I introduce the Kerala Education (Amentment and Validation) Bill, 1969. I also lay on the table statement, under Section 73 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly, explaining the circumstances which had necessitated immediate legislation by Ordinance.

Mr. Deputy Speaker: The Bill stands introduced.

Shri. C. H. Muhammad Koya: Sir, I move that the Kerala Education (Amendment and Validation) Bill, 1969, be taken into consideration.

Labour Minister (**Shri. Mathai Manjooran**): Sir, I second it.

Mr. Deputy Speaker: Mr. Mani may move his amendment.

Shri. K. M. Mani: Sir, I move that the Kerala Education (Amendment and Validation) Bill, 1969 be referred to a Select Committee.

LIBRARY ARCHIVES Kerala Legislative Assembly

Shri. K. M. George: Sir, I also move my amendment. "I move that the Kerala Education (Amendment and Validation) Bill, 1969, be referred to a Select Committee to be reported back before the 18th August 1969.

സർ, ഈ ബിൽ സെലക്ററു് കമ്മിററിക്കയച്ചു് റിപ്പോർട്ടവരുത്തി വേണം പാസാക്കാൻ എന്നാണു് എന്റെ അഭിപ്രായം. ആർഡിനൻസു് എന്നുള്ള നിലയിൽ ഈ സമ്മേളനത്തിൽതന്നെ പാസാക്കണമെന്നുള്ളതിനോടു ഞാൻ യോജിക്കുന്നില്ല. കൃത്യമായ സമയപരിധിക്കുള്ളിൽ സെലക്ററു് കമ്മിററി റിപ്പോർട്ട വരുത്തിയ ശേഷം പാസാക്കുന്നതിനവേണ്ടി സെലക്ററുകമ്മിററിക്കു് അയയ്ക്കണം എന്നാണു് എനിക്കപേക്ഷിക്കാനുള്ളതു്,

ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി കൊണ്ടുവന്നിരിക്കുന്ന ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പററി വളരെ വിശദമായി പരാമർശിച്ച കേരള എഡ്യൂക്കേഷൻ ആക്ററു് അദ്ധ്യായം XIV എ യിൽ സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടേമേൽ ശിക്ഷണനടപടിയെടുക്കുന്നതിനുള്ള അധികാരം ഗവണ്മെൻറുദ്യോഗസ്ഥന്മാക്കും ഗവണ്മെൻറിനും നൽകിയിട്ടുള്ളതു് കോടതിവിധിപ്രകാരം റദ്ദായിട്ടുള്ളതിന്റെ ഫലമായിട്ടാണു് ഇതു കൊണ്ടുവന്നിട്ടുള്ളതു്. സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകരെസംബന്ധിച്ചും ഗവണ്മെൻറു വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ളതുപോലുള്ള കാര്യങ്ങളും ചെയ്യേ മതിയാകൂ എന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ അതു് ഏതു നിലയിൽ ചെയ്യണം, ആരു ചെയ്യണം എന്നുള്ളതു് നിയമപരമായ പ്രശ്നമാണു്. അദ്ധ്യായം XIV എയിലെ 67, 75, 77 റൂൾ കൾ പ്രകാരം ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാക്കു് സ്വകാര്യസ്കൂളദ്ധ്യാപകരുടെമേൽ നടപടി നടത്താനുള്ള അധികാരത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിരിയ്ക്കുന്നതു്, ഈ ആക്ററിൽ കൊടുത്തിട്ടുള്ള അധികാരത്തിൽ കൂടുതലായി ആക്ററു് നൽകുന്ന അധികാരപരിധിക്കപ്പുറംപോയി, റൂളിൽ കൂടുതലധികാരങ്ങൾ ഡിപ്പാർട്ടുമെൻറിനു നൽകിയിട്ടുള്ളതുകൊണ്ടാണു്. ആക്ററിൽ നൽകിയിട്ടുള്ള അധികാരത്തിനനുസരണമായി റൂളുണ്ടാക്കിയിരുന്നെങ്കിൽ ശിക്ഷണ നടപടികൾ അവലംബിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനധികാരമില്ലെന്നു ഹൈക്കോടതി വിധിക്കുമായിരുന്നില്ല. ആക്ററിന്റെ അധികാരപരിധിക്കു് അപ്പുറം പോകേണ്ടിയിരുന്നില്ല. ആക്ററിന്റെ അധികാരപരിധിക്കപ്പുറം പോയി റൂളുണ്ടാക്കിയാൽ കോടതി റദ്ദാക്കുകതന്നെ ചെയ്യും. ഡിപ്പാർട്ടുമെൻറിനു് Suo motu ആയി ശിക്ഷണ നടപടിയെടുക്കുന്നതിനുള്ള അധികാരം വേണമെന്നുള്ളതു് ഒരു പരിധിവരെ ശരിയാണെന്നു് തോന്നാമെങ്കിലും നിയമപരമായി അതു സാദ്ധ്യമാണോ എന്നു കാര്യമായി ആലോചിക്കണം. മൗലികമായ ഒരു കാര്യമുള്ളതു്, ആരു് നിയമിക്കുന്നവോ അവർക്കു് ശിക്ഷിക്കാനും അധികാരമുണ്ടായിരിക്കണം എന്നുള്ളതാണു്. ഗവണ്മെൻറുദ്യോഗത്തുനിന്നു പലപ്പോഴും പറഞ്ഞുകേൾക്കാറുള്ള ഒരു വാദഗതി ഗവണ്മെൻറു നേരിട്ടു ശമ്പളം കൊടുക്കുന്നതുകൊണ്ടു് ശിക്ഷിക്കാനുള്ള അധികാരം ഗവണ്മെൻറിനു വേണമെന്നാണു്. പെട്ടെന്നു കേട്ടാൽ ശരിയാണെന്നു തോന്നുന്ന ഒരു വാദമാണിതു്. എന്നാൽ, യാതൊരു നിയന്ത്രണവുമില്ലാതെ ശമ്പളം കൊടുക്കുന്നു എന്ന നിലപാടിൽ നിന്നുകൊണ്ടു് ഇതിനെ കാണുന്നതു് ശരിയല്ല. നമ്മുടെ രാജ്യത്തെ സാഹചര്യങ്ങളെന്തെല്ലാമാണു്, എന്തുകൊണ്ടു് സെക്കൻഡറി വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകർക്കു് സർക്കാർ ഖജനാവിൽനിന്നു ശമ്പളംകൊടുക്കുന്നു എന്നു പരിശോധിച്ചാൽ ഈ വാദഗതിയിലെ വൈരുദ്ധ്യം കാണാൻകഴിയും. നമ്മുടെ രാജ്യത്തു് ഒരു സോഷ്യലിസ്ററു സമൂഹം കെട്ടിപ്പടുക്കണമെന്നുള്ള ഭരണഘടനാപരമായ നയം അനുസരിച്ചു് ആർട്ടിക്കിൾ 40 ലോ മറേറാ ആണെന്നു തോന്നുന്നു—വ്യവസ്ഥ ചെയ്തിരിക്കുന്നതു്. രാജ്യത്തെ ഓരോ പൗരനും പൂർണ്ണമായ വളർച്ച പ്രാപിക്കുന്നതിനു് തുല്യമായ അവസരങ്ങളും സാഹചര്യങ്ങളും കിട്ടത്തക്കവിധത്തിലുള്ള വിദ്യാഭ്യാസം നൽകണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശത്തോടുകൂടിയാണ് എന്നാൽ, ഇവിടെ പണംകൊടുക്കുന്നുവെന്നു പറയുമ്പോഴും ഉദ്യോഗസ്ഥന്മാർ കൊടുക്കുന്നുവെന്നോ മന്ത്രിമാരോ ഡിപ്പാർട്ടുമെന്റോ കൊടുക്കുന്നുവെന്നോ ഉള്ള ഒരു ധാരണയാണുള്ളതു്. അങ്ങനെയൊരു ധാരണയുള്ളതുപോലെയാണു് പലരും സംസാരിക്കുന്നതു്. സർ, അങ്ങനെയൊരു നിലപാടെടുക്കുന്നതു് തെറ്റാണെന്നാണു് എനിക്കു് പറയാനുള്ളതു്. കേരളത്തിലെ സക്കാരിന്റെ ഖജനാവിലെ പണമെന്നും ഇൻഡ്യയിലെ സക്കാരിന്റെ ഖജനാവിലെ പണമെന്നും പറഞ്ഞാൽ അതു് ഇൻഡ്യയിലെ ജനങ്ങളുടെ മുഴുവനും കേരളത്തിലെ ജനങ്ങളുടെ മുഴുവനും പണമാണു്; ആ കുഞ്ഞുങ്ങളുടെ രക്ഷകർത്താക്കളുടെ മുഴുവനും വിയർപ്പു തുള്ളികളുടെ സമാഹാരമാണു്. അങ്ങനെ ഈ രാജ്യത്തുള്ള മൊത്തം ജനങ്ങൾക്കും അവകാശപ്പെട്ട തുകയല്ലാതെ ഒന്നും സ്റ്റേറ്റു ഖജനാവിൽ ഇല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : മൊത്തം ജനങ്ങളുടേയും തുകയാകുമ്പോഴും മൊത്തം ജനങ്ങളുടെയും പ്രതിനിധിയെന്ന നിലയിൽ ഗവണ്മെന്റു് കൈകാര്യം ചെയ്യുമ്പോൾ.....

ഒരു അദ്ധ്യാപകനും കൂടിയായ എന്റെ യുവ സുഹൃത്തു് അല്പം ക്ഷമയോടുകൂടി ഞാൻ പറഞ്ഞതു കേട്ടിരുന്നുവെങ്കിൽ ഞാൻ പറഞ്ഞുവരുന്നതു എന്തെന്നു മനസ്സിലാകുമായിരുന്നു. ഞാൻ പറഞ്ഞുവന്നതു്, ഗവണ്മെന്റു ശമ്പളം കൊടുക്കുന്ന, അതുകൊണ്ടു ചില നിയന്ത്രണങ്ങളും ഗവണ്മെന്റിനുണ്ടായിരിക്കണം, ഇല്ലെങ്കിൽ തകരാറുണ്ടാകും എന്നു പറയുന്നതു ശരിയല്ല, നമ്മളെല്ലാവരും ഈ രാജ്യത്തെ പൗരന്മാരാണെന്നുള്ള ന്യായപൂർവ്വമായ പരിചിന്തനം ഈ കാര്യത്തിൽ ഉണ്ടായിരിക്കണം എന്നുള്ളതാണു്. ഗവണ്മെന്റിനു യാതൊരുവിധ നിയന്ത്രണവും പാടില്ല എന്ന അർത്ഥത്തിലല്ല. നിയന്ത്രണം തീർച്ചയായിട്ടും വേണം. ഞാൻ സൂചിപ്പിക്കുന്നതു ഒറ്റ കാര്യമാണു്. കേരള സക്കാർ ഖജനാവിൽ വരുന്ന പണം കേരളത്തിലെ മുഴുവൻ പൗരന്മാരും നികുതിവഴി നേരിട്ടോ മറ്റു മാർഗ്ഗങ്ങളിൽക്കൂടി നേരിട്ടല്ലാതേയോ സക്കാർ ഖജനാവിൽ ഇടുന്ന പണമാണു്. അങ്ങനെയുള്ള മൊത്തം ഖജനാവിൽനിന്നും ഏതാനും വിദ്യാലയങ്ങളും സക്കാർ വകയായി നടത്തുന്നുണ്ടു്. മറ്റുള്ളവ സ്വകാര്യവ്യക്തികളോ മറ്റു ഏജൻസികളോ വിവിധ സംഘടനകളോ നടത്തുന്നവയാണു്. ഇവരെ ഗവണ്മെന്റു് സഹായിക്കുന്നുണ്ടെന്നാണു് പറയുന്നതു്. കാര്യമായ സഹായം കിട്ടുന്നുണ്ടോ ? ഈ രാജ്യത്തെ മുഴുവൻ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും ഇന്നപ്രായംവരെ സൗജന്യ വിദ്യാഭ്യാസം നൽകണമെന്നു നാം നിശ്ചയിച്ചിട്ടുണ്ടു്. പത്താംക്ലാസ്സുവരെ ഫീസ് അബോളിഷ് ചെയ്തിരിക്കുകയാണു്. അതെല്ലാം നമ്മുടെ സക്കാർ ഖജനാവിൽ പണം ഉണ്ടായിരുന്നിട്ടല്ല. ഇപ്പോഴും അതുചെയ്യാൻ പാടില്ലായിരുന്നു എന്നുപോലുമുള്ള അഭിപ്രായം പല വിഭാഗങ്ങൾക്കും ഉണ്ടു്. അതിലെ ഉദ്ദേശശുദ്ധിയെ ഞാൻ അംഗീകരിക്കുകയാണു്. സാമ്പത്തിക കഴിവില്ലാത്ത കാരണംകൊണ്ടു് രക്ഷകർത്താക്കൾക്കു തങ്ങളുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സാഹചര്യം ലഭിക്കാതെ പോകരുതെന്നും അതുപോലെതന്നെ സാമ്പത്തിക കഴിവുകേടുകൊണ്ടു് നമ്മുടെ രാജ്യത്തെ ഒറ്റ സ്ത്രീയോ പുരുഷനോ വിദ്യാഭ്യാസമില്ലാത്തവരായിത്തീരരുതെന്നുമാണു് ആ തീരുമാനത്തിന്റെ പിന്നിലുള്ള ഉദ്ദേശം. അതു ശരിയാണു്. സാമ്പത്തികമായി കഴിവുണ്ടാക്കാൻ നികുതിയാണോ പിരിക്കേണ്ടതു്, മറുവഴികളിൽക്കൂടി പണമുണ്ടാക്കുകയാണോ വേണ്ടതെന്നുള്ള കാര്യം വേറെ പ്രശ്നം. പ്രാഥമികമായ കാര്യം ഗവണ്മെന്റു ഖജനാവിൽനിന്നും പണം കൊടുക്കുന്നു, അതുകൊണ്ടു് ഗവണ്മെന്റിനു കൂടുതൽ നിയന്ത്രണം വേണമെന്നുള്ള സമീപനം ശരിയല്ലെന്നുള്ളതാണു്. ഗവണ്മെന്റു സഹായിക്കുന്നതിന്റെ കാര്യം പറയുകയാണെങ്കിൽ വളരെ ചുരുങ്ങിയ സംഖ്യമാത്രമേ സ്വകാര്യവിദ്യാലയങ്ങൾക്കു കൊടുക്കുന്നുള്ളൂ. ഏതായാലും ഗവണ്മെന്റു് സ്കൂളുകളിലെ വിദ്യാർത്ഥികളും സ്വകാര്യവിദ്യാലയങ്ങളിലെ കുട്ടികളും തമ്മിലുള്ള ഒരു വിവേചനം ഉണ്ടാകാൻ പാടില്ല. ഗവണ്മെന്റു് പണം കൊടുക്കുന്നു, അതുകൊണ്ടു് നിയന്ത്രണം ആകാം എന്നെല്ലാം പറയുന്നതിൽ യാതൊരർത്ഥവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും സ്വകാര്യവിദ്യാലയങ്ങളും ഗവണ്മെൻറുവിദ്യാലയങ്ങളും താരതമ്യപ്പെടുത്തി നോക്കിയാൽ—ചില കാര്യങ്ങളിൽ ഷേക്സ്പിയർ പറഞ്ഞതുപോലെ "comparisons are always odious" ആണ്. എന്നാൽ ചില കാര്യങ്ങളിൽ താരതമ്യപഠനം ആവശ്യവുമാണ്. സ്വകാര്യവിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം, ഒരു മന്ത്രിയുടേയോ അല്ലെങ്കിൽ ഒരു ഡിപ്പാർട്ടമെൻറിൻറേയോ കുറ്റമായിട്ടല്ല ഞാൻ പറയുന്നത്, പരീക്ഷയുടെ റിസൾട്ട് വരുമ്പോഴും സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും അഡ്മിഷൻ വേണ്ടിവരുമ്പോഴും ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. സ്വകാര്യവിദ്യാലയങ്ങളാണ് ഉയർന്ന മാനദണ്ഡം വച്ചുപുലർത്തുന്നത്. അങ്ങനെയുള്ള സ്വകാര്യ സ്കൂളുകളിൽ അഡ്മിഷനും മറ്റും ശുപാർശചെയ്യേണ്ട ഗതികേട് ഞങ്ങളെപ്പോലുള്ളവർക്ക് പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഈ സഭയിലെ എല്ലാ വിഭാഗം മെമ്പർമാർക്കും ആ ഗതികേട് ഉണ്ടാകാറുണ്ട്. ഒരു പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയെപ്പോലുള്ളവർക്ക് ഈ അടുത്തകാലത്തൊന്നും അതിനിടയായിട്ടില്ലായിരിക്കാം. ഈ രണ്ടുതരം വിദ്യാലയങ്ങളും തമ്മിലുള്ള താരതമ്യം എന്താണെന്നും ഗവണ്മെൻറു ഖജനാവിൽനിന്നും ചെലവാക്കുന്ന പണം എത്രയാണെന്നും ആലോചിക്കുമ്പോൾ സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം ഗവണ്മെൻറു ട്രഷറിയിൽനിന്നു മാണ് കൊടുക്കുന്നതെന്നുള്ള ഏക അഭിപ്രായത്തിൻെറ പേരിൽ ആ വിദ്യാലയങ്ങളുടെ നടത്തിപ്പിനു ഗുണകരമല്ലാത്ത തീരുമാനങ്ങളും ഉണ്ടാകുന്നതു ശരിയായിരിക്കുകയില്ല ഇവിടെ കാണുന്ന പ്രവണത—സർക്കാർ പണം കൊടുക്കുന്നതുകൊണ്ട് കൂടുതൽ നിയന്ത്രണം ഇല്ലെങ്കിൽ തകരാറുണ്ടാകും എന്ന രീതിയിലുള്ള സമീപനം ഉണ്ടാകുന്നതു നല്ല കാര്യമല്ല. വിദ്യാലയങ്ങളും നന്നാക്കാൻവേണ്ടി ന്യായമായി അവർക്കു ലഭിക്കേണ്ട പ്രവർത്തന സ്വാതന്ത്ര്യം, ഭരണ സ്വാതന്ത്ര്യം, സ്റ്റാഫ്മാനേജ് ചെയ്യുന്നതിനു അവർക്കുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യം ഇതിലൊന്നും ഗവണ്മെൻറ് കൈവയ്ക്കുവാൻ പാടില്ല. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവർ മാനേജ്മെൻറിൻെറ ശിക്ഷണനടപടികൾക്കു വിധേയരാകണം, ഗവണ്മെൻറിൻെറ ശിക്ഷണനടപടികൾക്കു വിധേയരാകണം. സാധാരണ ഗതിയിൽ രണ്ടു യജമാനന്മാർക്ക് വിധേയരാകുവാൻ ജോലിചെയ്യുന്നവർ ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. അദ്ധ്യാപകരോട് ഉത്തരവാദിത്വം ഗവണ്മെൻറാണെന്നു ഗവണ്മെൻറും അതല്ല മാനേജ്മെൻറിനാണെന്നു മാനേജ്മെൻറും. അതു അംഗീകരിക്കുവാൻ അദ്ധ്യാപകർക്ക് വിസമ്മതമായിരിക്കും ഉണ്ടാകുക. എങ്കിലും ഇപ്പോഴത്തെ പല കാരണങ്ങൾകൊണ്ടും ആരും ഈ മേധാവിത്വം അംഗീകരിക്കുവാൻ തയാറാകുകയില്ല എന്നു തീർത്തുപറയുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ നിയമപരമായ പ്രശ്നം വരുമോ എന്ന കാര്യവും ആലോചിക്കുവാനുണ്ട്. നമുക്കെല്ലാം അറിയാവുന്നതുപോലെ അടുത്തകാലത്തു ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഈ ആക്ടിലും യൂണിവേഴ്സിറ്റി ആക്ടിലും രണ്ടുപ്രാവശ്യം സ്റ്റേ നൽകിയിരിക്കുകയാണ്, ഇവ ഭരണഘടനാവിരുദ്ധമാകുമെന്നുള്ള കാരണത്താൽ. ഇൻഡ്യയിലെതന്നെ പ്രശസ്തരായ പല അഭിഭാഷകരും ഇതു ഭരണഘടനക്കെതിരു നിൽക്കുമോ എന്നും ന്യൂനപക്ഷ സമുദായക്കാരെ വിശേഷിച്ചും എല്ലാ സ്വകാര്യമാനേജ്മെൻറുകളെ പൊതുവേയും ഇതു ബാധിക്കുമെന്നും ഭരണഘടനാപ്രകാരം ലഭിക്കേണ്ട അവകാശങ്ങളെ ധ്വംസിക്കുമെന്നും വാദിച്ചിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഒരുഭാഗം മാത്രമല്ലല്ലോ വാദിച്ചിട്ടുള്ളതു. രണ്ടുഭാഗവും അഭിഭാഷകർ വാദിച്ചിട്ടുണ്ടല്ലോ ? ഒരു ഭാഗം മാത്രം എടുത്തുപറഞ്ഞു വാദിക്കുന്നതു ശരിയാണോ ?

ശ്രീ. കെ. എം. ജോർജ്ജ് : അങ്ങനെ ഒരു ഭാഗം മാത്രം ഞാൻ എടുത്തുപറഞ്ഞതല്ല. ഒന്നുകിൽ ഞാൻ പറഞ്ഞതിൽ എന്തെങ്കിലും സ്ലിപ്പു വന്നതായിരിക്കാം. അല്ലെങ്കിൽ ഞാൻ പറഞ്ഞതു കേട്ടപ്പോഴും വന്ന തകരാറായിരിക്കാം. രണ്ടുഭാഗത്തെയുംകുറിച്ചു സമർത്ഥമായി വാദിച്ചതു നമ്മളും കാണുകയും കേൾക്കുകയും ചെയ്തിട്ട

LIBRARY ARCHIVES Kerala Legislative Assembly

ണ്ടല്ലോ എന്നാണ് പറഞ്ഞത്. രണ്ടഭിപ്രായങ്ങളും വാദിച്ചിട്ടുണ്ട്. അതു ഒരു പക്ഷേ ഇതിനെക്കാൾ ദുർബലമായ കാര്യങ്ങളിലും ഉണ്ടായി എന്നുവരാം. ഞാൻ രണ്ടു വശവും പരിശോധിക്കുവാൻ തയാറാണ്. എന്റെ കഴിവിനനുസരിച്ചു ഇതിന്റെ രണ്ടു വശങ്ങളും പരിശോധിച്ചിട്ടുണ്ട്. അതിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു് സ്വകാര്യ വിദ്യാലയങ്ങളും നിലനിൽക്കണമെങ്കിൽ ഭരണഘടനയിൽ ആർട്ടിക്കിൾ 30(1) പ്രകാരം നൽകിയിട്ടുള്ള മതത്തിന്റെയും ഭാഷയുടേയും സംസ്കാരത്തിന്റേയും പേരിൽ ന്യൂനപക്ഷങ്ങൾക്കു അനുവദിച്ചിട്ടുള്ള താല്പര്യങ്ങളും പരിരക്ഷിക്കുകയും അതിലേയ്ക്കു അവർ നടത്തുന്ന വിദ്യാലയ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നതിനും ശരിയായി അഡ്മിനിസ്ട്രേഷൻ നടത്തുന്നതിനും യാതൊരു പരിമിതിയും കൂടാത്ത സ്വാതന്ത്ര്യമുണ്ടായിരിക്കണം, അതു ലംഘിക്കപ്പെടുമെന്നുള്ളതാണ്. സുപ്രീം കോടതിയും മറ്റു വിവിധ ഹൈക്കോടതികളും ഇതുസംബന്ധിച്ചു പല കേസുകളും കൈകാര്യം ചെയ്യുകയും വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ടു് സുവോമോട്ടോവായിട്ട സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ മേൽ ഗവണ്മെന്റു ഹെഡ്മാസ്റ്റർവരെ ഡിസ്മിസൽപോലുള്ള ശിക്ഷണനടപടികളും എടുക്കേണ്ടിവരിക, അതിനുള്ള അധികാരം ഗവണ്മെന്റിനു നൽകുകയെന്നുള്ളതു തീർച്ചയായിട്ടും നയ്യാമികമായിട്ടും ശരിയായിരിക്കുകയില്ല. ചില അവസരങ്ങളിൽ ഇതിലെ ഉദ്ദേശകാരണങ്ങളിൽ വിവരിച്ചിട്ടുള്ളതുപോലെ ചില ഹെഡ്മാസ്റ്റർ മാനേജ്മെന്റായിട്ടുവരും. അങ്ങനെയുള്ള കേസുകളിൽ ഹെഡ്മാസ്റ്റരുടെമേൽ മാനേജ്മെന്റു നടപടിയെടുക്കുവാൻ സാധിക്കാതെവരും. അങ്ങനെ നടപടി സ്വീകരിക്കാതെവരുന്നതുകൊണ്ടു് ഡിസിപ്ലിനും മറ്റും തകരാറിലാകുകയും അതിനു പരിഹാരമായിട്ട ഗവണ്മെന്റിനു നിയന്ത്രണാധികാരം വേണ്ടിവരുകയും ചെയ്യും. സർ, ഈ പറഞ്ഞിട്ടുള്ളതു ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യത്തിനു നിരക്കുന്നതല്ല. ഹെഡ്മാസ്റ്റർ മാനേജരായാലും ശരി അതു ഇതിന്റെ ഉദ്ദേശത്തിനു നിരക്കുന്നതല്ല. മറ്റു പലതരത്തിലും ഗവണ്മെന്റിന്റെ ഉത്തരവാദിത്വം അനുസരിപ്പിക്കുവാനുള്ള അധികാരങ്ങളും ഗവണ്മെന്റിനുണ്ട്. ഈ നിയമം നടപ്പിലാകുവാൻപോകുന്ന അവസരത്തിൽ തീർച്ചയായിട്ടും നിയമപരമായി സ്വകാര്യവിദ്യാലയങ്ങളും നടത്തുന്നതിൽ എന്തെല്ലാം നിയന്ത്രണങ്ങളും കൊണ്ടുവന്നാലും അദ്ധ്യാപകരുടെ താല്പര്യങ്ങളും സംരക്ഷിക്കപ്പെടുകയില്ല. കൂടുതൽ നിയന്ത്രണം ഗവണ്മെന്റിനാകാം എന്നല്ലാതെ ഈ ബിൽ മുഖേന കൂടുതൽ അധികാരം ഗവണ്മെന്റിനുണ്ടായിരിക്കണമെന്നുള്ളതു ശരിയായ നടപടിയല്ല. അദ്ധ്യാപകരുടെ നന്മക്കുവേണ്ടിയാണ്, അദ്ധ്യാപകന്മാർ സത്യമായും നിർബന്ധമായും ജോലിചെയ്യണം, ഒന്നുപഠിപ്പിച്ചാൽ ശിക്ഷിക്കണം. അച്ചടക്കത്തിനു വ്യതിയാനങ്ങളും വരുത്തുകയും കുറവു ചെയ്യുകയും ചെയ്യുന്നതു ഏതു മേഖലയിലായാലും ശരി അവരെ ശിക്ഷിക്കുന്നതു അനുമോദനാർഹമാണ്, ഇന്നു വിദ്യാലയങ്ങളും താഴ്ന്നതാഴ്ന്ന ഒറ്റ ദിവസംപോലും ക്ലാസ്സ് അഭംഗുരമായി നടത്താൻ സാധിക്കുകയില്ല എന്നുള്ള സ്ഥിതിവിശേഷത്തിൽ എത്തിയിരിക്കുകയാണ് അങ്ങനെയുള്ള അവസരത്തിൽ ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതു എന്നാലോചിച്ചു ആ മാർഗ്ഗങ്ങളും സ്വീകരിച്ചു അദ്ധ്യയനം നടത്തുന്നതിനും ശരിയായ അച്ചടക്കമുണ്ടാക്കുന്നതിനും ശ്രമിക്കേണ്ടതാണ്. ഞാൻ സൂചിപ്പിക്കുന്നതു ഈ നിയമം ഒരു ദിവസംകൊണ്ടു പാസാക്കുന്നതല്ല, ഒരു സെലക്ട് കമ്മറ്റിക്കയച്ചു സെലക്ട്കമ്മറ്റിയുടെ റിപ്പോർട്ടു പരിശോധിച്ചശേഷം നടപ്പിലാക്കേണ്ട കാര്യമാണ്. ഒരു സെലക്ട് കമ്മറ്റിക്കയച്ചു റിപ്പോർട്ടു വരുത്തിയിട്ടില്ലാതെ ഈ ബിൽ പാസാക്കിയെടുക്കുന്നതു ഗുണകരമായിരിക്കുകയില്ല. ഈ ബിൽ സെലക്ട് കമ്മറ്റിക്കയക്കണമെന്നും സെലക്ട്കമ്മറ്റിയുടെ കൂലങ്കഷമായ പഠനത്തിനുശേഷം പരിചിന്തിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. സെലക്ട്കമ്മറ്റി പരിശോധിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള സന്മനസ്സ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കുണ്ടായിരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്കാണ്ടേർ പാമ്പിത്തറ: സർ, ഈ ബിൽ വിദ്യാഭാസ ആക്റ്റിന്റെ ഭേദഗതിയായിട്ട് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു സെലക്റ്റുകമ്മറ്റിക്കയച്ചാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം ഇതു പാസ്സായിട്ട വലിയ കാര്യമൊന്നും

11 A. M. ഉണ്ടാകാൻപോകുന്നില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. ഒരു ഓർഡിനൻസു് പാസ്സാക്കി അതു സാധൂകരിക്കുവാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന നിയമമാണു്. ഓർഡിനൻസു് പാസ്സാക്കുവാൻ എന്താണു് കാരണം? അടിയന്തിരമായി ഏതോ തലപ്പത്തു കുഴപ്പങ്ങൾ ഉണ്ടായി. അതിൽ ഇടപെടാൻ ഗവണ്മെൻറിനു സാധിക്കുകയില്ല. അപ്പോൾ ഓർഡിനൻസു് കൊണ്ടുവന്നു. അതിനെ സാധൂകരിക്കുവാൻ ഇപ്പോൾ ഈ ഭേദഗതിനിയമവും കൊണ്ടുവന്നിരിക്കുകയാണു്. നിലവിലുള്ള നിയമത്തിൽ അധികാരം ഉപയോഗിക്കുവാൻ പാടില്ല. അധികാരം പ്രയോഗിക്കുവാൻ ഗവർണ്ണർ മുന്നോട്ടുവന്നു. ആ ഓർഡിനൻസു് സാധൂകരിക്കുവാനുള്ള നിയമമാണു്. ഇതു ഇപ്പോൾ നിയമമായി പാസ്സായിവന്നാൽ നമ്മുടെ വിദ്യാഭാസത്തിനു എന്താണു് ഗുണം.? ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു പ്രൈവറ്റുസ്കൂൾ അദ്ധ്യാപകരെ ശിക്ഷിക്കുന്നതിനാണു്. ഈ ശിക്ഷകൊണ്ടൊന്നും അദ്ധ്യാപകർ നന്നാകാൻ പോകുന്നില്ല. അദ്ധ്യാപകനെ ശിക്ഷിക്കണമെന്നാണെങ്കിൽ വേറെആക്റ്റുണ്ടു്. ആ ആക്ടിൽ വ്യവസ്ഥയുണ്ടു്. ഇപ്പോൾതന്നെ ഒരു ഡെമോക്ലിസിന്റെ വാള തൂങ്ങിക്കിടപ്പുണ്ടു്. ഈ നിയമം പാസ്സാക്കുന്നതിൽ നിന്നും മറ്റൊരു ഡെമോക്ലിസിന്റെ വാളകൂടി തൂക്കിയിടാം എന്നുള്ളതിൽകവിഞ്ഞു മറ്റൊന്നും ഇല്ല. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകർ ഇരുമ്പു് കൊള്ളരുതാത്തവരാണോ? അതുകൊണ്ടു രണ്ടു ഡെമോക്ലിസിന്റെ വാള അദ്ധ്യാപകരുടെ മുകളിൽ കെട്ടിത്തൂക്കരുതേ എന്നു അഭ്യർത്ഥിക്കുകയാണു്.

വിദ്യാഭാസ ആക്റ്റു് ഭേദഗതിചെയ്തു് ഈ അധികാരം ഗവണ്മെൻറു് ഏറ്റെടുത്തുകൊണ്ടു് വിദ്യാഭ്യാസരംഗത്തു് കാര്യമായ നേട്ടമൊന്നുംതന്നെ ഉണ്ടാകുകയില്ല. ഈ ബില്ലിന്റെ ഓബ്ജക്റ്റ്സു് ആൻഡു റീസൻസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളം വായിച്ചാൽ വളരെ കൗതുകകരമായ തോന്നുന്നു. ഇപ്പോഴത്തെ വിദ്യാഭാസ ആക്റ്റുകൊണ്ടു് കാര്യങ്ങളം ശരിയായി നടത്താൻ സാധിക്കുന്നില്ല; മാത്രമല്ല ചില മാനേജ്മെൻറുകളം അദ്ധ്യാപകരുടെ മേൽ വേണ്ട തരത്തിൽ ഡിസിപ്ലിനറി ആക്ഷൻ നടത്താൻ കൂട്ടാക്കുന്നില്ല എന്നൊക്കെയാണു് പറഞ്ഞിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ ഹെഡ്മാസ്റ്റർതന്നെയായിരിക്കും മാനേജരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ശരിയായ രീതിയിൽ കാര്യങ്ങളം നടത്താൻ സാധിക്കുകയില്ലെന്നാണു് പറയുന്നതു്. 1958–ലെ വിദ്യാഭ്യാസ ആക്റ്റു് നടപ്പിൽ വരുത്താൻ സാധിക്കാത്ത സ്കൂളുകളുണ്ടെങ്കിൽ അതിനുവേണ്ടിയുള്ള നിയമം കൊണ്ടുവരണം. അതല്ലാതെ അദ്ധ്യാപകന്മാർക്കു് ഇരട്ടി ശിക്ഷനൽകുന്ന ഒരു ഭേദഗതി നിയമം കൊണ്ടുവരുന്നതു് ശരിയല്ല. ഇതു് പാസ്സാക്കി നടപ്പിലാക്കുന്നതുകൊണ്ടു് വിദ്യാഭ്യാസരംഗത്തു് യാതൊരുവിധത്തിലുള്ള നേട്ടവും ഉണ്ടാകുന്നില്ല.

ഇതിൽ പറഞ്ഞിരിക്കുന്ന, There are other cases where the managers are related to the member of staff and are not inclined to initiate di cipli ary action എന്നുള്ളതു് വളരെ കൗതുകകരമായി തോന്നുന്നു. മാനേജരുമായി ബന്ധമുള്ളവരെ ഡിസിപ്ലിനറി ആക്ഷനു് വിധേയമാക്കുകയില്ലെന്നു്. അങ്ങനെയാണെങ്കിൽ സക്കാർ എന്നു പറയുന്നതും മനുഷ്യരല്ലേ? സക്കാർ ഉദ്യോഗസ്ഥന്മാർ എല്ലാത്തിനും അതീതരാണോ? അവർക്കും ബന്ധമുള്ളവർ കാണുകയില്ലേ? അതുകൊണ്ടു് മാനേജരന്മാർ ആയതുകൊണ്ടു് ഒന്നും ശരിയാകുകയില്ലെന്നു പറയുന്നതു് ശരിയല്ല.

പിന്നൊന്നു എനിക്കു് പറയുവാനുള്ളതു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെക്കുറിച്ചുള്ള തെറ്റായ ഒരു ധാരണയെപ്പറ്റിയാണു്. ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകന്മാരാണെങ്കിൽ അച്ചടക്കത്തോടും ഭംഗിയായും ക്ലാസ്സുകളം നടത്തുന്നവരാണെന്നുള്ള ഒരു ധാരണയുണ്ടു്. അതു് ശരിയല്ലെന്നുള്ളതിനു ഞാനൊരുദാഹരണം പറയാം. ഒരു ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകനു് ഒരു വരിപോലും പാഠത്തിനുള്ളനോട്ടു് തയ്യാറാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം പറയുന്നതു് അയാൾ സംഘടനാപ്രവർത്തകനാണെന്നാണു്. ആ അദ്ധ്യാപകനോടു ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ട ക്ലാസ്സെടുത്തില്ലെങ്കിലും നോട്ടു് തയാറാക്കാൻ. എന്നിട്ടും അയാൾ ഒരു വരിപോലും എഴുതിയില്ല. ഒടുവിൽ ഡിപ്പാർട്ടുമെൻറിലെ ആളുകളും ഗവണ്മെൻറുമെല്ലാം വിചാരിച്ചിട്ടും അയാളെക്കൊണ്ടു് ഒരൊറ്റ ലൈൻപോലും എഴുതിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെ ഗവണ്മെൻറിന്റെ കീഴിലുള്ള സ്കൂളുകളിലും പരിഹാസ്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടു്. പ്രൈവറ്റു സ്കൂളുകളിൽ മാത്രമേ ഇങ്ങനെയെല്ലാം ഉണ്ടാകുകയുള്ളുവെന്നു് വിചാരിക്കുന്നതു് ശരിയല്ല. ആ നിലയ്ക്കു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരുടെ മേൽ മാത്രം ഇരട്ടി ചാർജ്ജു് ചുമത്തുന്നതു് അപകടകരമാണു. ഒരു അദ്ധ്യാപകബന്ധുവെന്നുള്ള നിലയിൽ ഈമാതിരിയുള്ള നിയമനിർമ്മാണങ്ങളോടു് എനിക്കു് യോജിക്കാൻ നിവൃത്തിയില്ല. നിയമനിർമ്മാണമെന്നു് പറഞ്ഞു ഈമാതിരി തമാശകൾ കൊണ്ടുവരുന്നതു് ശരിയല്ല. വിദ്യാഭ്യാസനിയമം ഇവിടെ നടപ്പിലാക്കിയിട്ടു് പത്തു്, പന്ത്രണ്ടു കൊല്ലത്തോളമായി. അതിൽ സമഗ്രമായ രീതിയിലുള്ള ഭേദഗതികൾ വരുത്തേണ്ടതാവശ്യമാണു്. അങ്ങനെ ഭേദഗതികൾ വരുത്തുമ്പോൾ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ഈ നിയമം നടപ്പിലാക്കിയതിനു ശേഷം ഏതെല്ലാം രംഗങ്ങളിലാണു് പ്രത്യേകമായ ബുദ്ധിമുട്ടുകളുണ്ടായിട്ടുള്ളതെന്നു് നോക്കി അതെല്ലാം പരിഹരിക്കുന്നതിനു് ശ്രമിക്കേണ്ടതാണു്. അതുപോലെ എഡ്യൂക്കേഷൻ റൂളിൽ കാലാകാലങ്ങളിൽ വരുത്തിയ അമെൻറുകൾതന്നെ ഒരു ചുമട്ടുകാണും. അതിൽ ചിലതു് നിയമത്തിൽ ഉൾപ്പെടുത്തുകയും ചെയ്യാം. ആ നിലയിൽ ഭേദഗതികൾ വരുത്തുകയല്ലാതെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാർക്കു് മാത്രം ഇരട്ടി ചാർജ്ജു് ചുമത്തുന്ന ഈ നിയമം കൊണ്ടുവന്നതുകൊണ്ടു് വിദ്യാഭ്യാസ രംഗത്തു് യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെ ഈ നിയമം കൊണ്ടുവന്നു് വലയ്ക്കാതിരിക്കണമെന്നാണു് എനിക്കു് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാനുള്ളതു്.

ശ്രീ. എൻ കെ. ശേഷൻ: ഡെപ്യൂട്ടി സ്പീക്കർ സർ, സാധാരണ പറയുന്നതിൽ നിന്നും വ്യത്യാസമായ രീതിയിലാണു് എനിക്കു് ഇന്നു് ഈ ഭേദഗതിയെക്കുറിച്ചു സംസാരിക്കുവാൻ ഉള്ളതു്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗമായ ശ്രീ. കെ. എം. മാണി, കേരള എഡ്യൂക്കേഷൻ ബില്ലിനു് അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. വളരെ നിരുപദ്രവകരമായ ഈ ഭേദഗതി ഒറ്റയടിക്കു് പാസ്സാക്കിയെടുത്താൽ വളരെയധികം ഭവിഷ്യത്തുണ്ടാകുമെന്നുള്ളതുകൊണ്ടു് ഇതു് സെലക്ടു കമ്മിറ്റിക്കയക്കണമെന്നതന്നെയാണു് എനിക്കും പറയുവാനുള്ളതു്. പറമ്പിത്തറ മാസ്റ്റർ പറഞ്ഞതുപോലെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരുടെ മേൽ ഇരട്ടി ചാർജ്ജു് വസൂലാക്കുന്നതിനെസംബന്ധിച്ചു്, അംഗീകൃതവും അംഗീകൃതമല്ലാത്തതുമായ അദ്ധ്യാപക സംഘടനകളിൽനിന്നും പ്രതിഷേധ ശബ്ദങ്ങൾ ഉയർന്നു കഴിഞ്ഞിട്ടുണ്ടു്. അദ്ധ്യാപക സംഘടനകളെല്ലാം തന്നെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെ രണ്ടു സ്ഥലങ്ങളിൽ രണ്ടു അധികാരം നൽകി ശിക്ഷിക്കുവിധേയരാക്കുന്നതിനെ വളരെ ശക്തിയായി എതിർത്തിട്ടുണ്ടു്. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ചു് അദ്ധ്യാപകന്മാർ എന്തെങ്കിലും തെറ്റു ചെയ്താൽ അവരുടെ മേൽ കടിഞ്ഞാൺ ഇടുന്നതിനും, അവരെ ശിക്ഷിക്കുന്നതിനുമുള്ള വ്യവസ്ഥ ഉണ്ടു്. അതിനുള്ള അധികാരം മാനേജരന്മാർക്കു് നൽകിയിട്ടുമുണ്ടു്. ഈ ബില്ലിന്റെ സ്റ്റേറ്റുമെൻറു് ആഫ് ഓബ്ജക്ടു്സു് ആൻഡു് റീസൺസിൽ പറഞ്ഞിരിക്കുന്നതു് മാനേജരന്മാർ പല കാരണങ്ങളാൽ ഇത്തരത്തിലുള്ള ശിക്ഷ നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നുവെന്നു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: മാനേജരന്മാർക്കു് ശിക്ഷണനടപടികൾ എടുക്കുന്നതിനു് ഇന്നത്തെ നിയമമനുസരിച്ചു് പല ബുദ്ധിമുട്ടുകളും ഉണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എൻ. കെ. ശേഷൻ: സുപ്രീംകോടതി നടപടികൾ എടുക്കാനുള്ള അധികാരം മാനേജർമാർക്കില്ല. ഡിപ്പാർട്ടുമെന്റിനു് ഈ അധികാരം വേണം. മാനേജർമാർക്കു് പതിനഞ്ചു ദിവസത്തേക്കു് അദ്ധ്യാപകന്മാരെ സസ്പെൻഷനിൽ നിറുത്താൻ കൊടുത്തിട്ടുള്ള അധികാരം പല സന്ദർഭങ്ങളിലും മാനേജർമാർ അതിരു കവിഞ്ഞു് ഉപയോഗിച്ചിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ മാനേജരുടെ ബന്ധുക്കളാണു് അദ്ധ്യാപകരെങ്കിൽ അവരുടെ പേരിൽ മൂകത കാണിയ്ക്കുന്നുണ്ടാകാം. അല്ലാതെ എല്ലാവരുടെ പേരിലും മാനേജർമാർ മൂകത കാണിക്കുന്നുവെന്നു പറയുന്നതു് ശരിയല്ല. മാനേജരും ഹെഡ്മാസ്റ്ററും ഒരാളാകുമ്പോഴും ചില ബുദ്ധിമുട്ടുകളുണ്ടാകും. ഗവണ്മെന്റിനു് സ്കൂളുകളെ പലതരത്തിലും നിയന്ത്രിക്കാനുള്ള അധികാരമുള്ളപ്പോഴും അദ്ധ്യാപകന്മാരെ ഇത്തരത്തിലുള്ള ഇരട്ടി ശിക്ഷാനടപടികൾക്കു് വിധേയരാക്കുന്ന ഈ ബിൽ നിയമമാക്കാൻ പാടില്ല ശ്രീ. ജോർജ് പറഞ്ഞതുപോലെ ഇതിൽ നിയമപരമായി എത്രത്തോളം സാധുത ഉണ്ടാകുമെന്നു് പരിശോധിക്കേണ്ടതാണു്. സർക്കാർ പണം നൽകുന്നുവെന്നുള്ളതിന്റെ പേരിൽ അദ്ധ്യാപകന്മാരെ ഇരട്ടി ശിക്ഷാനടപടികൾക്കു് വിധേയരാക്കുന്നതു് ശരിയാണോ? അതുകൊണ്ടു് ഗവണ്മെന്റു് ഈ തത്വത്തിൽ ഉറച്ചു നിൽക്കരുതു്. നമ്മുടെ സംസ്ഥാനത്തു് ഐയിഡഡു് സ്കൂളുകളും സർക്കാർ സ്കൂളുകളും ഉണ്ടു്. ഐയിഡഡു് സ്കൂളുകൾക്കു് പ്രത്യേക അധികാരങ്ങളുണ്ടു് ഉള്ളതു്. സർക്കാർ സ്കൂളുകൾക്കു് മറ്റു ചില സൗകര്യങ്ങളും ആനുകൂല്യങ്ങളും ഉണ്ടു്. ഇങ്ങനെ രണ്ടു തരത്തിലുള്ള സ്കൂളുകളാണു് വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഇതിൽ തത്വപരമായ ഒരു കാഴ്ചപ്പാടു് സ്വീകരിക്കേണ്ടതാണു്. ഇതിൽ നിയമപരമായ സാധുത എത്രത്തോളം ഉണ്ടാകുമെന്നു് സംശയകരമായതുകൊണ്ടു് വിശദമായ ഒരു ചർച്ചയ്ക്കു് വിധേയമാക്കേണ്ടതാണു്. അദ്ധ്യാപക സംഘടനകളും നൽകിയിട്ടുള്ള നിവേദനങ്ങളിൽ എത്രത്തോളം കഴമ്പുണ്ടെന്നു് നോക്കി അതിൽ സ്വീകരിക്കാവുന്നവ സ്വീകരിച്ചു് ഈ ബിൽ സെലക്ടു കമ്മിറ്റിക്കു് വിട്ട ഒരു നല്ല നിയമമാക്കികൊണ്ടുവരണമെന്നു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് അപേക്ഷിക്കുകയാണു്.

ശ്രീ എ. കെ. അപ്പു: സർ, ഇവിടെ പറഞ്ഞിട്ടുള്ളതിൽനിന്നും ഭിന്നമായ ഒരഭിപ്രായമാണു് എനിക്കു പറയുവാനുള്ളതു്. ഈ ബിൽ ഇവിടെ കൊണ്ടുവരാൻ ഗവണ്മെന്റു് പറഞ്ഞ കാരണങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ അതു് നടപ്പിലാക്കുന്ന രീതിയിൽ വളരെയധികം കുഴപ്പങ്ങളുണ്ടു്. ഇതിൽ പറഞ്ഞിട്ടുള്ള കാരണം മാനേജർമാർ ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുന്നില്ലെന്നും, ശിക്ഷിക്കേണ്ടാത്തവരെ ശിക്ഷിക്കുന്നുവെന്നും ആണു്. അതു് ശരിയാണെങ്കിൽ തീർച്ചയായും മാനേജർമാർക്കു് അദ്ധ്യാപകന്മാരെ ശിക്ഷിക്കാനുള്ള അവസരം നൽകരുതു്. ഇപ്പോഴത്തെ നിയമമനുസരിച്ചു് മാനേജർമാർക്കു് അദ്ധ്യാപകന്മാരെ ഇഷ്ടംപോലെ ശിക്ഷിക്കാനുള്ള അധികാരം കൊടുത്തിട്ടുണ്ടു്. എഡ്യൂക്കേഷൻ റൂളിലെ 12 (2) അനുസരിച്ചു് അദ്ധ്യാപകന്മാരെ പതിനഞ്ചു ദിവസംവരെ സസ്പെൻറു ചെയ്യാനുള്ള അധികാരം മാനേജർക്കു് കൊടുത്തിട്ടുണ്ടു്. അങ്ങനെ അധികാരം കൊടുത്തിട്ടുള്ളതു് വളരെയധികം കുഴപ്പങ്ങൾക്കു് ഇടയാക്കുന്നുണ്ടു് മാനേജരുടെ സസ്പെൻഷൻ ഓർഡർ ന്യായീകരിക്കാൻ നിവർത്തിയില്ലെന്നു പറഞ്ഞു ഡിപ്പാർട്ടുമെന്റിൽനിന്നും കൽപന പാസാക്കിയാലും അതു് വകവയ്ക്കാൻ മാനേജർ കൂട്ടാക്കുന്നില്ല. സസ്പെൻഡു ചെയ്തതു് ന്യായീകരിക്കാൻ നിവർത്തിയില്ലെന്നു് പറഞ്ഞു് ഡി. ഇ. ഒ. അയയ്ക്കുന്ന കൽപന മാനേജർ വലിച്ചുകീറി കാറ്റിൽ പറത്തുകയാണു് ചെയ്യുന്നതു്. ഒറ്റപ്പാലത്തുള്ള ഒരു സ്കൂളിലെ ക്ലാർക്കിനെയും ഒരു അദ്ധ്യാപകനേയും മാനേജർ പിരിച്ചുവിട്ടപ്പോൾ അവരെ തിരിച്ചെടുക്കാൻ ഡി ഇ. ഒ. കൽപ്പിച്ചിട്ടും അതിൽ യാതൊന്നുംതന്നെ ചെയ്തിട്ടില്ല. തലശ്ശേരിയിൽ ഒരു അദ്ധ്യാപകനെ സസ്പെൻഡു ചെയ്തപ്പോൾ ആ അദ്ധ്യാപകനു് സബ്സിസ്റ്റൻസു് അലവൻസു് കൊടുക്കണമെന്നു് ഇനിയും കൽപന ആയിട്ടില്ല. അതിനെ സംബന്ധിച്ചു് ഈ സഭാപരിസരത്തിൽതന്നെ ചർച്ചയുണ്ടായതാണു്. അദ്ധ്യാപകന്മാരെ മാനേജർമാർ സസ്പെൻഡുചെയ്യുകയാണെങ്കിൽ അവർക്കു് സബ്സിസ്റ്റൻസു് അലവൻസു് കൊടുക്കണമെന്നുള്ള കൽപ്പന പുറപ്പെടുവിക്കാനുള്ള അധികാരം

മനേജർക്കില്ല. എന്നാൽ ഡിപ്പാർട്ടമെൻറ് മേലധികാരികളാണ് സസ്പെൻഡ് ചെയ്യുന്നതെങ്കിൽ ആ ഓർഡറിൻെറ രണ്ടാംപാരഗ്രാഫിൽ സബ്സിസ്റ്റൻസ് അലവൻസ് കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകരുടെ താൽപ്പര്യങ്ങളെ മുൻനിറുത്തിക്കൊണ്ട് യാതൊരു കാരണവശാലും ശിക്ഷണനടപടികൾക്ക് മാനേജർക്ക് അധികാരമുണ്ടായിരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് എഡ്യൂക്കേഷൻ ആക്ടിലെ ക്ലാസ് 12 (2) എടുത്തുകളയുന്നില്ലെങ്കിൽ ഈ ബിൽ നിയമമാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ധ്യാപകരെ അടിമകളാക്കി താഴ്ത്തരുതെന്ന ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. എന്നുമാത്രമല്ല അദ്ധ്യാപകരെ ശിക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ടമെൻറിനുണ്ടായിരിക്കണമെന്ന അഭിപ്രായക്കാരൻ കൂടിയാണ് ഞാൻ. അതുകൊണ്ട് മാനേജർമാർക്ക് അദ്ധ്യാപകരെ ശിക്ഷിക്കാനുള്ള, വിശേഷിച്ച് സസ്പെൻഡ് ചെയ്യാനുള്ള അധികാരം എടുത്തുകളഞ്ഞേ പറ്റൂ. അങ്ങനെയുള്ള ഭേദഗതി സ്വീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട അപ്പുമാസ്റ്റർ, അദ്ധ്യാപകരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മാനേജർമാർക്ക് ശിക്ഷണനടപടി പാടില്ല, അതൊക്കെ സർക്കാരിനു കൊടുക്കണമെന്നതു് നന്നായിരിക്കും എന്ന പറഞ്ഞ അഭിപ്രായത്തോടെ താത്വികമായി യോജിക്കാൻ ഞാൻ തയ്യാറാണ്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളതു് ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് അയച്ച് ഒന്നോ രണ്ടോ ദിവസംകൊണ്ട് ഇതിൻെറ നിയമപരമായ വശങ്ങളെ സംബന്ധിച്ച് പരിശോധിക്കണമെന്നാണ്. അദ്ധ്യാപകരുടെ താല്പര്യത്തിനു് അതു് ആവശ്യമാണ്. ഇന്നു് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യമുണ്ട്. അവർക്ക് പഞ്ചായത്തിലും നിയമസഭയിലും മൽസരിക്കാം. എനിക്ക് മനസിലാക്കാൻ സാധിക്കുന്നതു് അവർ ഗവണ്മെൻറ് സർവ്വൻറ് അല്ലാതായിരിക്കുന്നു എന്നാണ്. എന്നാൽ അവർ ഗവണ്മെൻറ് സർവ്വൻറ് ആണോ അല്ലയോ എന്നുള്ള സംശയം വരുന്നുണ്ട്. അവർക്ക് ഗവണ്മെൻറ് നേരിട്ട ശമ്പളം നൽകുന്നതുകൊണ്ട് ഈ പ്രശ്നം വരികയില്ലേ എന്നുള്ള സംശയം ഉണ്ടാകുന്നുണ്ട്. ഗവണ്മെൻറ് സർവ്വൻറ് എന്നുള്ള കാറ്റഗറിയിൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർ നിൽക്കുകയാണെങ്കിൽ, അങ്ങനെയൊരു അപകടം വരാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ, ആ അപകടം ഒഴിവാക്കത്തക്ക രീതിയിൽ വേണ്ട ഭേദഗതികൾ വരുത്തണം.

രണ്ടാമതു എനിക്ക് പറയാനുള്ളതു് അങ്ങനെയൊരു ഭേദഗതി വരുത്തുമ്പോൾ അതു് ഭരണഘടനാവിരുദ്ധമാകരുതെന്നുള്ളതാണ്. ഈ നിയമമനുസരിച്ച് ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ അതോറിട്ടിക്ക് അധികാരം കൊടുക്കുന്നതുകൊണ്ട് ഭരണഘടനാപരമായ അവകാശം പോകുന്നുണ്ടോ എന്നുള്ള കാര്യംകൂടി നോക്കണം. അദ്ധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലായാലും അല്ലാതെ നോക്കിയാലും, ഈ വകുപ്പ് ഈ രീതിയിൽ പാസാക്കുന്നതു് അപകടകരമാണോ എന്നുള്ള കാര്യം സെലക്റ്റുകമ്മിറ്റി പരിശോധിക്കണം. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒന്നോ രണ്ടോ ദിവസംകൊണ്ട് ഷെറിയ അംഗസംഖ്യയുള്ള ഒരു സെലക്റ്റുകമ്മിറ്റിക്ക് പരിശോധിക്കുന്നതിനു് അവസരം ഉണ്ടാക്കിക്കൊടുക്കുന്നതു് നന്നായിരിക്കും.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ ബില്ലു് സെലക്റ്റുകമ്മിറ്റിക്ക് അയക്കണമെന്നുള്ള ഭേദഗതി ഞാൻ പിൻതാങ്ങുന്നു. അതോടൊപ്പം ഒരു കാര്യം ഓർമ്മപ്പെടുത്താനുണ്ട്. കഴിഞ്ഞ തവണ ഈ അസംബ്ലിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി കേരള വിദ്യാഭ്യാസ നിയമത്തിലെ റൂൾസിനു ഒരു ഭേദഗതി കൊണ്ടുവന്നു. അതു് 14(സി) ഓപ്റ്റ് ചെയ്തിട്ടുള്ള അദ്ധ്യാപകരെ ബാധിക്കുന്ന പെരുമാറ്റച്ചട്ടങ്ങളും ഉൾക്കൊള്ളുന്ന ഒന്നായിരുന്നു. 14(സി) ഓപ്റ്റ് ചെയ്തിട്ടുള്ള അദ്ധ്യാപകർക്ക് രാഷ്ട്രീയപ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചതിനുശേഷവും അതേ പെരുമാറ്റച്ചട്ടം കൊണ്ടുവരികയും അന്നു അതു് പാസാക്കുകയും ചെയ്തിരുന്നു. അന്നു് അതു പാസാക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോഴും ഈ അസംബ്ലിക്കു് ഉറപ്പു് തന്ന ഒരു കാര്യമുണ്ടായിരുന്നു; വളരെ താമസിയാതെ സമഗ്രമായ ഒരു ഭേദഗതി ഈ കാര്യത്തിനു് കൊണ്ടുവരുമെന്നു്. പ്രത്യേകിച്ചു് പ്രൈവറ്റു് സ്കൂൾ അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യത്തെപ്പോലും കൈവയ്ക്കുന്ന, പ്രകടനത്തിൽ പങ്കെടുക്കാൻ പാടില്ലെന്നും, പൊതുയോഗങ്ങളിൽ പ്രസംഗിക്കാൻ പാടില്ലെന്നുമുള്ള പെരുമാറ്റച്ചട്ടങ്ങളും അന്നു ഈ സഭ പാസാക്കിയതാണു്. അതിനു് സമഗ്രമായ ഭേദഗതി കൊണ്ടുവരുമെന്നു അന്നു പറഞ്ഞിരുന്നു. ഇപ്പോഴാണെങ്കിൽ ഈ നിയമപ്രകാരം സക്കാരിലെ സ്കൂൾ അദ്ധ്യാപകരെപ്പോലെ സ്വകാര്യ സ്കൂൾ അദ്ധ്യാപകരേയും ശിക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ടുമെൻറിനു് കൊടുക്കുന്നതോടുകൂടി, അതിൽ ചില വകുപ്പുകൾ ഉപയോഗിച്ചുകൊണ്ടു് അദ്ധ്യാപകരെ ശിക്ഷിക്കാൻ കൂടി ചില ഉദ്യോഗസ്ഥന്മാർക്കു് കഴിയത്തക്കവിധത്തിൽ അധികാരം കൊടുത്തിരിക്കുകയാണു്. അതിലടങ്ങിയിട്ടുള്ള സദുദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. കാരണം തെറ്റായി പ്രവർത്തിക്കുന്ന അദ്ധ്യാപകരെ ശിക്ഷിക്കാനുള്ള അധികാരം ഡിപ്പാർട്ടുമെൻറിനു് ഉണ്ടായിരിക്കണം. പക്ഷെ ഇതുകൊണ്ടു ഒരു ദോഷം വരുന്നതു ഇതാണു്.

"No man can serve two masters"

എന്നുപറഞ്ഞതുപോലെ അദ്ധ്യാപകർക്കാണെങ്കിൽ മാനേജർമാരേയും ഡിപ്പാർട്ടുമെൻറിനേയും ഒരുപോലെ തൃപ്തിപ്പെടണം. മാനേജർമാരും ഡിപ്പാർട്ടുമെൻറും തമ്മിൽ അഭിപ്രായവ്യത്യാസമുള്ള പ്രശ്നങ്ങൾ ഉണ്ടാകും. ആ സന്ദർഭത്തിൽ ഹെഡ് മാസ്റ്ററായാലും, അദ്ധ്യാപകരായാലും മാനേജർമാരെ അനുസരിക്കുന്നു. ആ അവസരത്തിൽ അദ്ധ്യാപകരെ ഡിപ്പാർട്ടുമെൻറിനു് ശിക്ഷിക്കാൻ കഴിയും. ഇത്തരത്തിലുള്ള അപാകതകളുണ്ടു്. മാനേജർമാർക്കു് കൊടുത്തിട്ടുള്ള സസ്പെൻഷൻ അധികാരം പിൻവലിക്കണം. അവർ ഈ അധികാരം അദ്ധ്യാപകരുടെ താൽപ്പര്യത്തിനു വിരുദ്ധമായിട്ടാണു് ഇന്നു ഉപയോഗിക്കുന്നതു്. അതുകൊണ്ടു് ഈ സന്ദർഭത്തിൽ വളരെ ശക്തിയായി എനിക്കു് പറയാനുള്ളതു്, മാനേജർമാർക്കു് നൽകിയിട്ടുള്ള സസ്പെൻഷൻ അധികാരം എടുത്തുകളയണമെന്നാണു്. കൊയിലാണ്ടിയിലെ ഒരു സ്കൂളിലെ കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു് അറിയാം. എഴുകൊല്ലക്കാലമായി ആ സ്കൂളിൽ മാനേജരില്ല. മെയിൻറനൻസും ഗ്രാൻറും കൊടുക്കാൻ ഡിപ്പാർട്ടുമെൻറിനു് കഴിയുന്നില്ല വളരെ അദ്ധ്യാപകരുടെ ഒഴിവുണ്ടായിട്ടും അവിടെ ഇതുവരെ നിയമനം നടത്തിയിട്ടില്ല. എൺപതു തൊണ്ണൂറു കുട്ടികളെ ഒരു ക്ലാസിൽ പഠിപ്പിക്കുന്ന അവസ്ഥയുണ്ടു്. മാനേജരില്ലാത്തതുകൊണ്ടു് നാലഞ്ചുവർഷമായി അദ്ധ്യാപകരുടെ നിയമനം നടത്താൻ കഴിയുന്നില്ല. ഇതുപോലുള്ള നിരവധി പ്രയാസങ്ങളുണ്ടു്. അടുത്ത കാലത്തു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് ഒരു മാനേജരെ അംഗീകരിച്ചു. പക്ഷേ കോടതി ഉത്തരവിൽ അതു ശരിയല്ലെന്നു പറഞ്ഞിരിക്കുകയാണു്. ഇപ്പോഴും ആ സ്ഥാപനത്തിൽ ഒരു മാനേജരില്ല. ഇത്തരം മാനേജരില്ലാത്ത വിദ്യാലയങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കുകയോ, അതല്ലെങ്കിൽ താൽക്കാലികമായി മാനേജരന്മാരെ നിയമിക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഡിപ്പാർട്ടുമെൻറിനു് ഉണ്ടായിരിക്കണം. ഇതുപോലുള്ള അടിയന്തിരപ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനുവേണ്ട തക്ക നടപടികളും എടുക്കുന്നതിനുള്ള അധികാരം ഡിപ്പാർട്ടുമെൻറിനുണ്ടായിരിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ഇതുപോലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളെ നേരിടത്തക്ക ആവശ്യമായ ഭേദഗതികളും വരുത്തുകയും, മൂലകം കൊണ്ടുവരികയും ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. അതുകൊണ്ടു് ഈ ബിൽ സെലക്ടുകമ്മിറ്റിക്കു് അയച്ചു് ആവശ്യമായ ഭേദഗതികളും വരുത്തണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

<u>ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള</u>: സർ, ഇതു് വളരെ സങ്കീർണ്ണമായ പ്രശ്നമാണു്. അദ്ധ്യാപകനു് രണ്ടു മാസ്റ്റർ ഉള്ളതിൽ ആരാണു് ഭേദം? ഗവണ്മെൻറാണെന്നാണു് എൻറെ അഭിപ്രായം. കാരണം മാനേജുമെൻറിനെ ശിക്ഷിക്കാൻ ഇന്നു് അധികാരം കൈവശംവച്ചിരിക്കുന്ന ഡിപ്പാർട്ടുമെൻറുപോലും പലപ്പോഴും പരാജയപ്പെടുകയും കാലതാമസം വരുത്തുകയും ചെയ്യുന്നുണ്ടു്. എങ്കിലും അദ്ധ്യാപകരുടെ താൽപ്പര്യങ്ങളും സംരക്ഷിക്കുക എന്ന മൗലികമായ ലക്ഷ്യം വച്ചുകൊണ്ടു വാദിക്കുന്ന ഞങ്ങളെപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ആളുകൾക്ക് തമ്മിൽ ഭേദം ഗവണ്മെൻറായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതു പറയുമ്പോൾ നിയമപരമായുള്ള തകരാറ് അവഗണിച്ചുകൊണ്ടല്ല പറയുന്നത്. മാനേജരന്മാർക്കുമാത്രമേ ശിക്ഷിക്കാൻ അധികാരമുള്ള എന്നു് നിയമപണ്ഡിതന്മാരായ ആളുകൾ പറയുമ്പോൾ അതെന്താണെന്നു് നാം ആലോചിക്കുകയും, അദ്ധ്യാപകരുടെ നില സുരക്ഷിതത്വമാക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യണം. സർ, ഇന്നതന്നെ പൂർണ്ണമായി അധികാരം മാനേജ്മെൻറിൻറെ കൈയിലാണെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. മാനേജരന്മാർക്ക് അദ്ധ്യാപകരെ ശിക്ഷിക്കണമെങ്കിൽ പല വൈതരണിയും കടക്കേണ്ടതുണ്ട് എന്നു് എൻറെ സുഹൃത്തു് സൂചിപ്പിക്കുകയുണ്ടായി. ഞാനും നിർഭാഗ്യവശാൽ ഒരു മാനേജരാണ്.

<u>ശ്രീ. എ. കെ. അപ്പു:</u> മാനേജർ 15 ദിവസം സസ്പെൻറുചെയ്യുകയാണു്. ഒരു കാരണവും പറഞ്ഞില്ല. എന്തു ചെയ്യും?

<u>ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള:</u> പലരും പലതും ചെയ്യും. അദ്ധ്യാപകരെ സസ്പെൻറുചെയ്താൽ ഉടൻതന്നെ ഡി. ഒ. ക്കു റിപ്പോർട്ടുചെയ്യും. ആ നടപടി ശരിയല്ലെന്നു ഡി. ഒ. എഴുതി അയക്കുകയാണെങ്കിൽ ആ നടപടി റദ്ദുചെയ്യാൻ മാനേജർ നിർബന്ധിതനാണു് ഡിസ്മിസ്സർട്ടുമെൻറിനുള്ള അധികാരങ്ങളും എടുത്തു പ്രയോഗിക്കുന്നതിൽ മാനേജർമാരോടു കുറെക്കൂടി സൗമനസ്യം കാണിക്കുന്നുണ്ടെന്നല്ല. ഇന്നു നിലവിലുള്ള പല നിയമങ്ങളും മാനേജരന്മാർക്കു് എടുത്തുപ്രയോഗിക്കുന്നതിനു കഴിയുന്നില്ല എന്നുള്ളതിനോടു ഞാൻ യോജിക്കുകയാണു്. തമ്മിൽ ഭേദം തൊമ്മൻ എന്നു പറഞ്ഞതുപോലെ ഗവണ്മെൻറാണു് കുറെക്കൂടി നല്ലതു് ഇന്നത്തെ നിലയിൽ 100 ശതമാനവും കാര്യങ്ങളും നന്നായി നടക്കുന്നതിനു സഹായിക്കും. 100 ശതമാനവും പ്രശ്നം പരിഹരിക്കപ്പെട്ടുമെന്നു വിശ്വസിക്കുന്നില്ലെങ്കിലും തമ്മിൽഭേദം ഗവണ്മെൻറാണു്.

എനിക്കുമുമ്പു സംസാരിച്ച ശ്രീ. ഇ. ചന്ദ്രശേഖരൻനായരെപ്പോലുള്ള നിയമജ്ഞന്മാരായ ആളുകൾ ഇതിനൊരു പോംവഴി കണ്ടുപിടിക്കണം. അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറിനുതന്നെ പരമാധികാരം നൽകുന്ന ഒരു നിയമനിർമ്മാണം ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ കുറേക്കൂടി ആലോചിക്കുന്നതിനും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വേണ്ടി നേരത്തെ സൂചിപ്പിച്ചതുപോലെ ഇതു് സെലക്ടുകമ്മിറ്റി ഇതേപ്പറ്റി വേണ്ട രീതിയിലുള്ള പരിചിന്തനം നടത്തണമെന്നു് വിനീതമായി അഭിപ്രായപ്പെടുകയാണു്. അദ്ധ്യാപകരുടെ കാര്യങ്ങൾ സംരക്ഷിക്കുന്നതിനു് ഗവണ്മെൻറു വേണ്ടതു ചെയ്യട്ടെ എന്നു് ആശംസിച്ചുകൊണ്ടു് സെലക്ടുകമ്മിറ്റി എത്രയുംവേഗം ഈ നിയമനിർമ്മാണം നടപ്പിലാക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. എം. മാണി:</u> സർ, ഈ ബില്ലു് സെലക്ടുകമ്മിറ്റിയുടെ അവഗാഢമായ പര്യാലോചനയ്ക്കു് അയയ്ക്കണമെന്നാണു് എൻറെ ഭേദഗതി. സർവ്വകലാശാലാബിൽ ചർച്ചചെയ്ത സന്ദർഭത്തിലോ വിദ്യാഭ്യാസ നിയമം മുമ്പു് ഈ നിയമസഭയിൽ ചർച്ചചെയ്ത സന്ദർഭത്തിലോ പറഞ്ഞപോലെ ഇതു് അദ്ധ്യാപകരുടെ മാഗ്നാകാർട്ടയാണെന്നു് ഈ സന്ദർഭത്തിൽ സംസാരിച്ച യാതൊരാളും പറഞ്ഞുകേട്ടില്ല. ഇതൊരു അദ്ധ്യാപക മാഗ്നാകാർട്ടയാണെന്നു അദ്ധ്യാപക സംഘടനകളും പറയുന്നില്ല. പിന്നെ ആക്കുവേണ്ടിയാണു് ഇതിപ്പോൾ അവതരിപ്പിക്കുന്നതു്. ഇവിടെ ശ്രീ. അപ്പുമാസ്റ്റർ ചില മാനേജരന്മാർ അദ്ധ്യാപകരുടെ മേൽ അനാവശ്യമായ ശിക്ഷണ നടപടികൾ എടുക്കുന്നു എന്നുള്ള പരാതികളുണ്ടെന്നു പറഞ്ഞുകേട്ടു. ബില്ലിൻറെ ഉദ്ദേശലക്ഷ്യ വിവരണത്തിൽ പറയുന്നതു് മാനേജരന്മാർ അദ്ധ്യാപകരുടെ മേൽ നടത്തുന്ന തെറ്റായ നടപടികളിൽ നിന്നും അദ്ധ്യാപകർക്കു് സംരക്ഷണം കൊടുക്കാൻ വേണ്ടിയാണെന്നാണു്. മാനേജരന്മാർക്കു് ശിക്ഷണാധികാരം കൊടുക്കണമെന്നുള്ളതല്ല വാദഗതി. ഈ നിയമത്തിലെ വാദഗതി ഗവണ്മെൻറു് ചില ശിക്ഷണനടപടികൾ സ്വീകരിക്കണമെന്നു് മാനേജരന്മാരോടു് ആവശ്യപ്പെട്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മാനേജരന്മാർ ശിക്ഷണ നടപടികളെടുക്കാൻ ഗൗനിക്കുന്നില്ലെന്നുള്ളതാണു് ഉദ്ദേശ ലക്ഷ്യങ്ങളിൽ കാണുന്നതു്. ഈ നിലയ്ക്കു് പരിശോധിക്കുമ്പോൾ മി ഉണ്ണിക്കൃഷ്ണ പിള്ള പറഞ്ഞതുപോലെ തമ്മിൽ ഭേദം ആരെന്നുള്ളതല്ല പ്രശ്നം. ഇതിനകത്തു ചില അവകാശങ്ങളും നിയമങ്ങളും അന്തർലീനമായി കിടക്കുന്നുണ്ടു്. ഒന്നരണ്ടു സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചതുപോലെ അദ്ധ്യാപകരെ ശിക്ഷിക്കാനുള്ള അധികാരം ആക്കാണു് കൊടുക്കേണ്ടതു് എന്നുള്ളതാണു് പ്രശ്നം. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവർക്കു് ഇന്നത്തെ നിയമമനുസരിച്ചു് 1958-ലെ വിദ്യാഭ്യാസ നിയമം 12-ാം വകുപ്പു് 2-ാം ഉപവകുപ്പനുസരിച്ചു് 15 ദിവസംവരെ സസ്പെൻറു ചെയ്യുന്നതിനു് മുൻകൂട്ടിയുള്ള യാതൊരു അനുവാദവും ആവശ്യമില്ല. എന്നാൽ ഒരദ്ധ്യാപകനെ തരംതാഴ്ത്തുന്നതിനോ അയാളെ ഡിസ്മിസ് ചെയ്യുന്നതിനോ കൂടുതലായിട്ടുള്ള ശിക്ഷകം നൽകുന്നതിനോ ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നു മാനേജ്മെൻറിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണാധികാരം ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതു് നല്ലതാണു്, സ്വാഗതാർഹമാണു്. ഞാൻ പറഞ്ഞുവരുന്നതു് മാനേജരന്മാർ അവക്കു നൽകിയിരിക്കുന്ന ശിക്ഷണാധികാരം ദുർവിനിയോഗം ചെയ്യാതിരിക്കാൻവേണ്ടി 1958 വിദ്യാഭ്യാസ നിയമത്തിലെ 12-ാം വകുപ്പിൽ തന്നെ ചില പ്രൊവിഷൻസുണ്ടെന്നാണു്. 12-ാം വകുപ്പു് 2-ാം ഉപവകുപ്പനുസരിച്ചു് അപ്പോയിൻറിംഗ് അതോറിട്ടി മാനേജരാണെന്നിരിയ്ക്കിലും ഈ ശിക്ഷണാധികാരം ഗവണ്മെൻറിനു് ഇല്ലെന്നു് ഹൈക്കോടതി വിധിച്ചു. അങ്ങനെ ഈ ഗവണ്മെൻറിൻെറ നടപടിയെ ഹൈക്കോടതി ചോദ്യം ചെയ്തതിൻെറ ഫലമായി മുൻകാലങ്ങളിൽ തെറ്റായി ചെയ്തിട്ടുള്ള നടപടികളെ ന്യായീകരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണിതു് എന്ന മാത്രമാണു് എനിയ്ക്കു പറയാനുള്ളതു്. ഹൈക്കോടതി ചില സന്ദർഭങ്ങളിൽ ഗവണ്മെൻറിൻെറ ഒരു നടപടി തെറ്റാണു്, നിയമവിരുദ്ധമാണു്, ഭരണഘടനാ വിരുദ്ധമാണു് എന്നു പ്രഖ്യാപിച്ചുകഴിഞ്ഞാൽ ജനാധിപത്യമര്യാദയുള്ള ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഒരു ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അതു സ്വീകരിച്ചുകൊണ്ടു് അതിനനുസരണമായ ഭേദഗതി വരുത്തുകയാണു വേണ്ടതു്. ഗവണ്മെൻറു് ഇതു് അനുസരിക്കുന്നതിനു പകരം ഹൈക്കോടതി തെറ്റാണെന്നു പ്രഖ്യാപിച്ച കാര്യം ന്യായീകരിക്കുന്നതിനുവേണ്ടി ഒരു വാലിഡേഷൻ ബില്ലു് കൊണ്ടുവന്നിരിക്കുന്നതു് തികച്ചും ന്യായവിരുദ്ധമാണു് ഈ ബില്ലിനു സംബന്ധിച്ചിടത്തോളം ഇതു് ഭരണഘടന 30 (1) വകുപ്പനുസരിച്ചു് ന്യൂനപക്ഷ സമുദായങ്ങൾക്കു് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനും അഡ്മിനിസ്റ്റർ ചെയ്യുന്നതിനും നൽകിയിരിക്കുന്ന അവകാശങ്ങളെ ഹനിക്കുന്നതാണു്. ഒരു പൊതുതത്വം പറയാനുള്ളതു് ആരാണോ അപ്പോയിൻറിംഗ് അതോറിട്ടി ആ അപ്പോയിൻറിംഗ് അതോറിട്ടിക്കു മാത്രമേ ശിക്ഷണാധികാരമുള്ളൂ എന്നതാണു്. സർവ്വകലാശാലയിലായാലും ഗവണ്മെൻറിലായാലും നിയമിക്കുന്ന ആളിനായിരിക്കണം ശിക്ഷണാധികാരവും. നിയമിക്കുന്ന ആളിനല്ലാതെ വേറൊരാൾക്കാണു് ശിക്ഷണാധികാരമെങ്കിൽ നിയമിക്കുന്ന ആളിനു് ആ സ്ഥാപനത്തിലെ ഡിസിപ്ലിൻ നടത്തുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകരെ നിയമിക്കുന്ന മാനേജർക്കു് ആ അദ്ധ്യാപകരുടെ മേൽ ശിക്ഷണാധികാരമില്ലെങ്കിൽ ഏതുദ്ദേശത്തിനുവേണ്ടി സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്നുവോ ആ സ്ഥാപനത്തിൽ ഡിസിപ്ലിൻ പാലിക്കാൻ കഴിയാതെ പോകും. ഉദ്യോഗസ്ഥന്മാരെ ആരു നിയമിച്ചു, മന്ത്രിയാണെങ്കിൽ മന്ത്രി, പബ്ലിക്കു് സർവ്വീസു് കമ്മീഷനാണെങ്കിൽ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ, ഡയറക്ടറാണെങ്കിൽ ഡയറക്ടർ, ആരു് അപ്പോയിൻറു ചെയ്യുവോ ആ അപ്പോയിൻറിംഗ് അതോറിട്ടിക്കാണു് ശിക്ഷണാധികാരം. ഈ സാമാന്യ നിയമമാണു് 1958-ലെ വിദ്യാഭ്യാസ നിയമത്തിൽ ചേർത്തിരുന്നതു്. ഈ സാമാന്യ നിയമത്തിനു വിരുദ്ധമായി ഇന്നു ഗവണ്മെൻറു് എന്തെങ്കിലും ചില പ്രത്യേക ഉദ്ദേശത്തോടുകൂടി ഈ വാലിഡേഷൻ ബില്ലു പാസാക്കിയാൽതന്നെ അതു് കോടതിയിൽ നിലനിൽക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. പക്ഷേ ഈ ബില്ലു് പാസാക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

1969–ന മുമ്പ് ചെയ്തിട്ടുള്ള തെറ്റായ ചില നടപടികളെ ന്യായീകരിക്കാൻ വേണ്ടി യാണ്. ഇങ്ങനെ ന്യായീകരിച്ചുകൊണ്ടുള്ള ഈ വാലിഡേഷൻ ബില്ല് പാസാക്കിയാലും കോടതി ഒന്നുകൂടി പരിശോധിക്കും. അങ്ങനെ പാസാക്കിയ വകുപ്പുകൾ അപ്പോയിന്റിംഗ് അതോറിറ്റിക്ക് ഡിസിപ്ലിനറി ആക്ഷൻ എടുക്കാനുള്ള അധികാരം എടുത്തു കളയുന്നതാണ്. ഇതു് സാമാന്യ തത്വങ്ങൾക്കു വിരുദ്ധമാണ്, ഭരണഘടന തത്വങ്ങൾ വിരുദ്ധമാണ് എന്നും ഹൈക്കോടതി പ്രഖ്യാപിക്കും. അതുകൊണ്ട് വളരെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണിതു്. ബില്ലിന്റെ ഉദ്ദേശ ലക്ഷ്യത്തിൽ പറഞ്ഞിരിക്കുന്ന ന്യായം വാസ്തവത്തിൽ വളരെ വിചിത്രമാണ്.

'The result of the decision of the High Court was that the Departmental Officers were not in a position to take disciplinary action against the staff of aided Schools even in well-deserved cases The only course of action open to the Department was to bring to the notice of managements the irregularities committed by the staff and leave it to them to initiate disciplinary action. It has in several cases come to the notice of Government that the Managers were reluctant to take action against the erring staff and even if they took action, the punishment they inflicted was quite inadequate.'

ഇതിനൊരു മറുവശമില്ലേ ഇതിന്റെ മറുവശം വിദ്യാഭ്യാസമന്ത്രി ഇവിടെ പറഞ്ഞു. ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ പറയുന്നതു് ന്യായമായ ചില കാര്യങ്ങളിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ ഗവണ്മെന്റിനു് അധികാരം വേണമെന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയ്ക്കു് നിഷ്പക്ഷമായി പറയാൻ സാധിക്കുമോ, 1958 വിദ്യാഭ്യാസ നിയമം 12–ാം വകുപ്പനുസരിച്ചു് മാനേജരന്മാർക്കു് ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്നതിനു നൽകിയിട്ടുള്ള വ്യവസ്ഥയ്ക്കു വിധേയമായി മാനേജ്മെന്റു് ചില അദ്ധ്യാപകരുടെ മേൽ ശിക്ഷണ നടപടികളെടുക്കണമെന്നു ശുപാർശ ചെയ്തിരിക്കേ ആ ശുപാർശകളും നടപ്പാക്കാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു് തയ്യാറാവുന്നില്ല. എത്രയോ കേസുകളിൽ ഗ്രോസ് ചാർജുള്ള കേസുകളിൽ അദ്ധ്യാപകരുടെ മേൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ മാനേജ്മെന്റു് ശുപാർ ചെയ്തിരിക്കേ ഗവണ്മെന്റു് തടസമായി നിന്നിട്ടുണ്ട്. മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം ന്യായമായ ചില കാര്യങ്ങളിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാനുള്ള ശുപാർശ ഗവണ്മെന്റു് നടപ്പാക്കിയിട്ടുണ്ട്. തമ്മിൽ ഭേദം തൊമ്മനെന്നുള്ള വ്യാഖ്യാനം ശരിയല്ല. ശിക്ഷണനടപടിയും എടുക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിൽ നിന്നും ഗവണ്മെന്റിലേയ്ക്കു വന്നുകഴിഞ്ഞാൽ എല്ലാം പരിശുദ്ധമായി എന്ന പറയുന്നതിൽ യാതൊരർത്ഥവുമില്ല. അതുപോലെതന്നെ മറ്റൊരു ഭാഗത്തു പറഞ്ഞിരിക്കുന്ന 'There are other cases where the managers are related to the members of staff..' മാനേജ്മെന്റിന്റെ ബന്ധുക്കളായ ആളുകളാണ് ശിക്ഷണ നടപടികൾക്കു വിധേയമാകേണ്ടി വരുന്നതെങ്കിൽ അതിന്റെ പേരിൽ നടപടി എടുക്കാൻ മാനേജരന്മാർ വിമുഖത കാണിക്കുന്നു.

സർ, അതുപോലെതന്നെ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരാണ് ശിക്ഷണനടപടി എടുക്കുന്നതെങ്കിൽ, ആ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കളാണ് ശിക്ഷണനടപടിക്കു വിധേയരാകേണ്ട അദ്ധ്യാപകരെങ്കിൽ സ്വഭാവികമായും ശിക്ഷണനടപടി എടുക്കാൻ വിമുഖത കാണിക്കാറുണ്ട്. ഞാൻ ആരെയും ന്യായീകരിക്കാൻ വേണ്ടി പറയുന്നതല്ല. മാനേജരന്മാർ ചെയ്യുന്നതുപോലെ ഇപ്പുറത്തും ചെയ്യുമെന്നാണ് ഞാൻ പറയുന്നതു്. ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം— വിദ്യാഭ്യാസമന്ത്രിയെ പേഴ്സണലായി പറയുകയല്ല—ഭരണകക്ഷിയുമായി ബന്ധമുള്ള, ഭരണകക്ഷിക്കുവേണ്ടി കൊടിപിടിച്ചു നടക്കുന്ന, മുദ്രാവാക്യം വിളിച്ചു നടക്കുന്ന അദ്ധ്യാപകരാണ് ശിക്ഷണനടപടിക്കു വിധേയരാകുന്നതെങ്കിൽ അവരുടെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കാൻ ഗവണ്മെൻറു് വിമുഖത പ്രദർശ്പ്പിക്കാറില്ലേ എന്നു ഞാൻ ചോദിക്കുകയാണു്, അപ്പോഴും ഇതിനകത്തെല്ലാം എന്തെല്ലാം നാം പറഞ്ഞാലും അന്തസ്സാരവിഹീനമായ നടപടികളുണ്ടാകും. ഇതൊന്നുംതന്നെ സ്വകാര്യഏജൻസിയെ സംബന്ധിച്ചിടത്തോളം അവരുടെ അധികാരത്തെ തടസ്സപ്പെടുത്തുന്നതിനുള്ള ന്യായങ്ങളല്ല.

ഗവണ്മെൻറു സർവ്വീസിനെ സംബന്ധിച്ച ഒരുദാഹരണം പറയാൻ ഞാനാഗ്രഹിക്കുന്നു വളരെ സരസമായ ഒരുദാഹരണമാണു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ സംഭവിച്ചതല്ല. ഇവിടത്തെ ഇലക്ട്രിസിറ്റി ബോർഡു് ഒരു കോർപ്പറേഷനാണു്. എൻറെ നിയോജകമണ്ഡലത്തിൽ പാലായിൽ ഉള്ള ഇലക്ട്രിസിറ്റി ഓഫീസിൽ ഒരുദ്യോഗസ്ഥൻറെ പേരിൽ അവിടത്തെ എഞ്ചിനീയർ ജോലിക്കു ഹാജരാകാതിരുന്നതിനെ സംബന്ധിച്ചിടത്തോളം എക്സ്പ്ലനേഷൻ ചോദിച്ചു. അയാൾ മറുപടി കൊടുത്തില്ല. വീണ്ടും മറുപടി കൊടുക്കാത്തതിൻറെ കാരണം ചോദിച്ചു. പിന്നീടു് ജോലിക്കു ഹാജരാകാത്തതിനെ സംബന്ധിച്ചിടത്തോളം എക്സിക്യൂട്ടീവു് എഞ്ചിനീയർക്കു് റിപ്പോർട്ടു ചെയ്തു. എക്സിക്യൂട്ടീവു് എഞ്ചിനീയർ (പള്ളം) ഉടൻതന്നെ പറഞ്ഞു ഡിസിപ്ലിനറി ആക്ഷൻറെ ഭാഗമായിട്ടു് അയാളെ സ്ഥലം മാറ്റാൻ അതനുസരിച്ചു് അയാളെ മറ്റൊരു സ്ഥലത്തേയ്ക്കു മാറ്റുകയുണ്ടായി. പക്ഷെ എന്താണു് സംഭവിച്ചതു്? ഏതു സ്ഥലത്തേയ്ക്കു അയാളെ സ്ഥലം മാറ്റിയോ ആ സ്ഥലത്തേയ്ക്കു പോകാൻ അയാൾ തയ്യാറായില്ല അയാൾ അവിടെപോയി ജോയിൻ ചെയ്തുമില്ല, ഇവിടെയുള്ള ഓഫീസിൽ ഹാജരാകുന്നുമില്ല. ട്രാൻസ്ഫർ ഓർഡറിനെ ധിക്കരിച്ചുകൊണ്ടു് നടക്കുകയാണു് ആ ലൈൻമാൻ. എന്നിട്ടു് അയാൾ പഴയ രജിസ്റ്ററിൽ ഒപ്പിട്ടുമുണ്ടു്. ഈ വിവരം എക്സിക്യൂട്ടീവു് എഞ്ചിനീയർക്കു് വീണ്ടുമെഴുതി. എക്സിക്യൂട്ടീവു് എഞ്ചിനീയർ ജൂനിയർ എഞ്ചിനീയർക്കു് എഴുതി അയാളുടെ ശമ്പളം കൊടുക്കണ്ട എന്നു്. ശമ്പളം നൽകാതെ തടഞ്ഞുവച്ചു. പിറേദിവസം എക്സിക്യൂട്ടീവു് എഞ്ചനീയരുടെ മറ്റൊരു ഓർഡർ! 'ശമ്പളം കൊടുത്തുകൊള്ളു' എന്നു്. തലേദിവസം കൊടുക്കേണ്ട എന്നു പറഞ്ഞു, പിറേദിവസം കൊടുക്കാൻ പറഞ്ഞു. ഇതു് എങ്ങനെ സംഭവിച്ചു എന്നു് ഗവണ്മെൻറു് ആലോചിക്കേണ്ടതാണു്. ഈ സംസ്ഥാനത്തു ജോലിചെയ്യുന്ന ഒരുദ്യോഗസ്ഥൻ ഓഫീസിലും ജോലിചെയ്യാതെ ശമ്പളം വാങ്ങിക്കുന്ന ഒരവസ്ഥയുണ്ടു്. ഇതിനു വേണമെങ്കിൽ വേറെയും തെളിവു തരാൻ ഞാൻ തയ്യാറാണു്. ഡിസിപ്ലിനറി ആക്ഷനു വിധേയനായ ഒരുദ്യോഗസ്ഥൻ, ആ ഡിസിപ്ലിനറി ആക്ഷൻ അംഗീകരിക്കാതെ അതിനെ അവഗണിച്ചുകൊണ്ടു് യാതൊരു ജോലിയും ചെയ്യാതെ ഓഫീസിൽ കയറാതെ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുകയാണു്. എന്താണു കാരണം? തൊഴിലാളി സംഘടനകളുടെ സമ്മർദ്ദമാണു് ഇതിൻറെ കാരണം. ആരാണു സർ തമ്മിൽഭേദം തൊമ്മൻ. അപ്പോഴും തമ്മിൽഭേദത്തിൻറെ കാര്യമൊന്നും പറഞ്ഞിട്ട കാര്യമില്ല നിയമനാധികാരവും ശിക്ഷണാധികാരവും ഗവണ്മെൻറിലേയ്ക്കു കൈമാറ്റം ചെയ്താലും പാകപ്പിഴകളും വരും പക്ഷപാതവും ഉണ്ടാകും. മൗലികമായ പ്രശ്നം ഭരണഘടനയുടെ 30-ാംവകുപ്പിൽ സ്വകാര്യ ഏജൻസികൾക്കു് വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്താനുള്ള അവകാശം അംഗീകരിച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അതുള്ളിടത്തോളം കാലം അദ്ധ്യാപകരെ നിയമിക്കുവാനുള്ള അവകാശം അവർക്കാണെങ്കിൽ ശിക്ഷണാധികാരവും മാനേജർമാർക്കു് ഉണ്ടായിരിക്കണം. അതുകൊണ്ടു ഇതുവളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു പ്രശ്നമാണു്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവപൂർവ്വം ആലോചിക്കണം. ഗവണ്മെൻറു് ചെയ്തിട്ടുള്ള തെറ്റായ നടപടികളെ ന്യായീകരിക്കുവാൻവേണ്ടി ഭരണഘടനാവിരുദ്ധമായ ചിലവകുപ്പുകളും എഴുതിവച്ചുകൊണ്ടു് ഈ രീതിയിൽ ഒരു നിയമം പാസ്സാക്കുന്നതു് ശരിയല്ല സർ ഒരു പാർട്ടിയും ഇതേപടി ഈ ബില്ലിനെ സ്വാഗതം ചെയ്തിട്ടില്ല അതുകൊണ്ടു് തീച്ചയായും ഇതിനെ സംബന്ധിച്ചിടത്തോളം വളരെ ദീർഘവും വ്യക്തവുമായ ചർച്ചകളും നടത്തേണ്ടതാണു്. എല്ലാവശങ്ങളെപ്പറ്റിയും കാര്യമായി

LIBRARY ARCHIVES Kerala Legislative Assembly

പര്യാലോചിച്ചുകൊണ്ട് ഒരു നല്ല നിയമമാക്കാൻവേണ്ടി ഇതു് സെലക്ട് കമ്മിറ്റിക്കു റഫർ ചെയ്യണം. സർക്കാർ ട്രഷറിയിൽനിന്നാണു് അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നതു്. എന്നുള്ളതുകൊണ്ടുമാത്രം മാനേജരന്മാരുടെ നിയമനാധികാരത്തെയോ മറ്റവകാശങ്ങളേയുമോ ചോദ്യം ചെയ്യേണ്ടതില്ല. മുൻകാലങ്ങളിൽ സ്വകാര്യഏജൻസികൾ പണംമുടക്കി സ്കൂളുകൾ സ്ഥാപിച്ചാൽ അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നതു് സ്വകാര്യ ഏജൻസികൾ ആയിരുന്നു. അതിനുശേഷം ഒരു നിയമം വന്നതു് വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസിന്റെ സിംഹഭാഗവും ട്രഷറിയിൽ അടച്ചാൽ അതിൽ നിന്നും മെയിന്റനൻസ് ഗ്രാന്റു കൊടുത്തശേഷം ബാക്കിയിൽനിന്നും അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുകയാണു് അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നതും ശിക്ഷണ നടപടിയുമായി യാതൊരു ബന്ധവുമില്ല. മാനേജ്മെന്റിനു ഗ്രാന്റുകൊടുക്കണമെന്നുള്ളതു് ഭരണഘടനാനുസൃതമാണു്.

ഈയവസരത്തിൽ ഒരുകാര്യംകൂടി പൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതു് എന്റെ നേതാവു് ശ്രീ. കെ. എം. ജോർജ്ജു് ഇവിടെ പൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ഇന്നു് കോളേജുകളിൽ അഡ്മിഷൻ കിട്ടാതെ എത്രയോ വിദ്യാർത്ഥികൾ കണ്ണീരും കലിപ്പിച്ചു നടക്കുന്നുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രി ഒന്നന്വേഷിക്കണം. ഈ വർഷം എക്കണോമിക്സ് ബി. എ. ക്കു പോലും അഡ്മിഷൻ ഇല്ല. മുൻകാലങ്ങളിൽ മെഡിക്കൽ കോഴ്സിനായിരുന്ന അഡ്മിഷൻകിട്ടാൻ വൈഷമ്യം ഉണ്ടായിരുന്നതു്. അതുകഴിഞ്ഞു് എം. എസ്സി ക്കായി, എം. എ. ക്കായി. എക്കാണോമിക്സ് ബി. എ. സ്റ്റാറെങ്കിൽ ആർക്കും പ്രയാസം കൂടാതെ പ്രവേശനം ലഭിക്കുമായിരുന്നു. പക്ഷെ ഇന്നു എത്രയോ വിദ്യാർത്ഥികൾ അതിനുപോലും അഡ്മിഷൻ കിട്ടാൻ സീറ്റില്ലാത്തതുകൊണ്ടു് വിഷമിച്ചു നടക്കുകയാണു് ഈ രാജ്യത്തു് പ്രൈവറ്റു് ഏജൻസികൾ ഇത്രയും വിദ്യാലയങ്ങൾ ഈ രാജ്യത്തു സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ ഈ രാജ്യത്തിന്റെ സ്ഥിതി എന്താകുമായിരുന്നുവെന്നു ഞാൻ ചോദിക്കുകയാണു് ഇവിടത്തെ പ്രൈവറ്റു് ഏജൻസികൾ ചെയ്തിട്ടുള്ള നിസ്തുലങ്ങളായ സേവനങ്ങളെ നാം നന്ദിയോടുകൂടി സ്മരിക്കേണ്ടതാണു് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ—ആരാണെന്നു ഞാൻ ഓർക്കുന്നില്ല—പറയുന്നതു കേട്ടു, കുറേക്കാലം കഴിയുമ്പോൾ ഈ മാനേജ്മെൻറുകൾ ഇല്ലാതാകും. അതുകൊണ്ടു് ഇപ്പോഴേ സർക്കാർ അധികാരങ്ങൾ ഏറ്റെടുക്കുകയാണു് എന്നു്. കമ്മ്യൂണിസ്റ്റുകാരുടെ വിശ്വാസം അനുസരിച്ചാണെങ്കിൽ കുറെക്കാലം കഴിയുമ്പോൾ The State will wither away എന്നാണു്. ആ നിലയ്ക്കു സ്റ്റേറ്റിന്റെ മോണോപ്പളിക്കു വേണ്ടി നിലകൊള്ളണമെന്നു പറയുന്നതു ശരിയാണോ എന്നു ഞാൻ ചോദിക്കുകയാണു്, അപ്പോൾ അതൊന്നുമല്ല കാര്യം. അതുകൊണ്ടു് നല്ലൊരു നിയമം പാസ്സാക്കി എടുക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധ തിരിയണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. നിങ്ങളുടെ എല്ലാ നല്ല കാര്യങ്ങളോടും ഞങ്ങളും സഹകരിക്കുവാൻ തയ്യാറാണു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അടുത്തകാലത്തു് ബാങ്കു് നാഷണലൈസു് ചെയ്ത നടപടി നടന്നതു് അറിയാമല്ലോ, അതു് കമ്മ്യൂണിസ്റ്റുകാരല്ല ചെയ്തതു്.

ശ്രീ കെ. എം മാണി: കണ്ണൻദേവൻ കമ്പനി എന്തുകൊണ്ടു് ദേശസാൽക്കരിക്കുന്നില്ല അല്ലെങ്കിൽ അതുപോലെയുള്ള മറ്റു കാര്യങ്ങളും എന്തുകൊണ്ടു ചെയ്യുന്നില്ല എന്നെല്ലാമുള്ള കാര്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല മാനേജ്മെൻറുകൾ കുറെക്കാലം കഴിയുമ്പോൾ നശിച്ചുപോകുമെന്നു പറയുകയാണെങ്കിൽ സ്റ്റേറ്റും കുറെക്കാലം കഴിയുമ്പോൾ വിതർഎവേ (wither away) ചെയ്യുമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ഏതായാലും ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു അയയ്ക്കണമെന്നു മാത്രമേ ഞാൻ ഈ സാഹചര്യത്തിൽ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ചെയർമാൻ (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ): മോഷനെ എതിർക്കുകയാണോ അതോ അനുകൂലിക്കുകയാണോ?

ശ്രീ. പി. പി. ജോർജ്ജ്: മോഷനെ പിന്താങ്ങുന്നു. അദ്ധ്യാപകരെ രക്ഷിക്കാനല്ല, ശിക്ഷിക്കുന്നതിനായിട്ട് ഗവണ്മെൻറിന് കൂടുതൽ അധികാരങ്ങളും നൽകുന്ന ഒരു ബില്ലായതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. അദ്ധ്യാപകരുടെ കാര്യങ്ങളിൽ തൽപരനുള്ള ആളാണ് എന്നു പറയപ്പെടുന്നതിനു് ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കു സമ്മാനിക്കുന്ന ഒരു മുഷ്കിരീടമാണ് ഈ ബിൽ എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, നമ്മുടെ സംസ്ഥാനത്തു് എൽ. പി., യു. പി, ഹൈസ്കൂൾ എന്നീ ഇനങ്ങളിലായിട്ട് ഏതാണ്ട് 11,000 വിദ്യാലയങ്ങളുണ്ട് ഈ 11,000 വിദ്യാലയങ്ങളിലായി ഏകദേശം ഒന്നര ലക്ഷത്തിനു താഴെ അദ്ധ്യാപകരുമുണ്ട്. ഇതിൽ വലിയൊരു ഭാഗവും പ്രൈവറ്റു മേഖലയിൽ ഉള്ള സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരാണ്. ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ ഈ അദ്ധ്യാപകരുടെ മേൽ ശിക്ഷാകർമ്മം വിധിക്കാൻ ഗവണ്മെൻറിനു് അധികാരം ലഭിക്കും. ഈ അദ്ധ്യാപകരെ സസ്പെൻറു ചെയ്യാൻ ഗവണ്മെൻറിനു് അധികാരം ലഭിക്കും, അതുകൊണ്ടാണു് ഈ സംസ്ഥാനത്തെ പ്രൈവറ്റു് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക സംഘടനകളെല്ലാം മിക്കതും ഈ സംരംഭത്തെ എതിർത്തുകൊണ്ടിരിക്കുന്നതു്. സർ അദ്ധ്യാപകർക്കു് നല്ല പദവി നൽകണമെന്നെല്ലാം എല്ലാപേരും പ്രസംഗിക്കാറുണ്ട് അദ്ധ്യാപകരുടെ അന്തസ്സു് ഉയർത്തണമെന്നും പറയാറുണ്ട്, പക്ഷേ ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ രണ്ടുതരത്തിലുള്ള വിഷമങ്ങളും അദ്ധ്യാപകർക്കു് അനുഭവപ്പെടാൻ പോകുകയാണു്. ഒരു ഭാഗത്തു് മാനേജ്മെൻറിൻറെ അധികാരം മറുഭാഗത്തു് ഗവണ്മെൻറിൻറെ അധികാരം. യഥാർത്ഥത്തിൽ രണ്ടു ദേവന്മാരെ ഒരേ സമയത്തു പൂജിക്കേണ്ടിവരുന്ന ഒരു ഗതികേടു് എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കു് അനുഭവപ്പെടാൻ പോവുകയാണു്. നിയമന അതോറിറ്റി മാനേജർ ആണെന്നും വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 13 അനുശാസിക്കുന്നുണ്ടു്. അതുകൊണ്ടു് അവർക്കു് 15 ദിവസം സസ്പെൻറു ചെയ്യാനുള്ള അധികാരം സെക്ഷൻ 12 (2) അനുസരിച്ചു് നൽകിയിരിക്കുന്നു. പക്ഷേ അങ്ങനെ സസ്പെൻറു ചെയ്താൽ ഡി. ഇ ഓയുടെ അംഗീകാരത്തിനു വിധേയമായിരിക്കണമെന്നുണ്ടു്. അദ്ധ്യാപകർക്കായി ഉദ്ദേശിച്ചിട്ടുള്ള ശിക്ഷകൾ കേരളാ എഡ്യൂക്കേഷൻ റൂൾസിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഈ ശിക്ഷകൾ ദുരുപയോഗപ്പെടുത്താൻ മാനേജ്മെൻറുകൾക്കു് യാതൊരു തരത്തിലും അവകാശമില്ലെന്നുള്ളതു് വളരെ വ്യക്തമാണു്. കെ. ഇ. ആർ.—ൽ പ്രൈവറ്റു് സ്കൂൾ അദ്ധ്യാപകർ വിധേയമായ ശിക്ഷകൾ പ്രധാനമായും എടുത്തെണ്ണമാക്കി തിരിച്ചിരിക്കുകയാണു്, അവരെ ശാസിക്കുവാനുള്ള അധികാരം, അവരുടെ ഇംക്രിമെൻറു തടയാനുള്ള അധികാരം, അവരെ ലോവർ റാങ്കിലേക്കു് താഴ്ത്താനുള്ള അധികാരം, അവരുടെ ശമ്പളം പിടിക്കാനുള്ള അധികാരം, പെൻഷൻ കുറയ്ക്കാനുള്ള അധികാരം, കംപൽസറി റിട്ടയർമെൻറിനുള്ള അധികാരം, സർവ്വീസിൽനിന്നു് നീക്കം ചെയ്യാനുള്ള അധികാരം സർവ്വീസിൽനിന്നും ഡിസ്മിസ് ചെയ്യാനുള്ള അധികാരം എന്നിങ്ങനെ എട്ടു ശിക്ഷകളാണു വിധിച്ചിട്ടുള്ളതു് ഈ ശിക്ഷകളെല്ലാം മാനേജ്മെൻറു് വിദ്യാഭ്യാസ ഓഫീസറുടെ പരിഗണനയ്ക്കു സമർപ്പിച്ചതിനുശേഷമേ പ്രയോഗിക്കാവൂ എന്നു് കെ. ഇ. ആർ—ൽ ചാപ്റ്റർ 14 (എ) 68, 69, 70 എന്നീ വകുപ്പുകളിൽ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടു്. ഒരദ്ധ്യാപകനെ ശിക്ഷിക്കണമെങ്കിൽ മാനേജർ ഡി. ഇ. ഓയുടെ അംഗീകാരം വാങ്ങിക്കണം. ഹെഡ്മാസ്റ്ററുടെ കാര്യത്തിൽ ഡയക്ടറുടെ അംഗീകാരം ഉണ്ടായിരിക്കണം. ലോവർ റാങ്കിലേക്കു് തരം താഴ്ത്തുകയാണെങ്കിൽ അദ്ധ്യാപകൻറെ കാര്യത്തിൽ ഡി. ഇ. ഓയുടെയും ഹെഡ്മാസ്റ്ററുടെ കാര്യത്തിൽ ഡയറ

LIBRARY ARCHIVES Kerala Legislative Assembly

കൂടെയും അനുവാദം വേണം. അതുപോലെ തന്നെ ശമ്പളം പിടിക്കാൻ, പെൻഷൻ കുറവു ചെയ്യാൻ, സസ്പെൻഡിൽനിന്നും നീക്കം ചെയ്യാൻ. ഇക്കാര്യങ്ങളിലെല്ലാം അദ്ധ്യാപകരെസംബന്ധിച്ചിടത്തോളം ഡി. ഇ. ഓ. സമ്മതിച്ചിരിക്കണം, ഹെഡ് മാസ്റ്ററെ സംബന്ധിച്ചിടത്തോളം ഡയറക്ടർ സമ്മതിച്ചിരിക്കണം. ഇങ്ങനെ പ്രവർത്തിക്കാത്ത മാനേജ്മെൻറുകളുടെ മേൽ നടപടിയെടുക്കാൻ ഗവണ്മെൻറിനു വേറെയും അധികാരമുണ്ട്. ഇങ്ങനെ നടപടിയെടുക്കാത്ത വളരെ വിരളമായ കേസ്സുകളും മാത്രമേ നമ്മുടെ സംസ്ഥാനത്തു ഉണ്ടായിട്ടുള്ള എന്നു സൂചിപ്പിക്കുവാൻ ഞാനീയവസരം വിനിയോഗിക്കുകയാണു.

ശ്രീ പി. എസ്. നമ്പൂതിരി: ഹെഡ്മാസ്റ്ററും മാനേജരും ഒരാളാകുന്നതിനെയാണോ ബില്ലിൽ പറയുന്നതുപോലെ ആരാണു ശിക്ഷിക്കുക?

ശ്രീ. പി പി. ജോർജ്ജ്: മാനേജരും ഹെഡ്മാസ്റ്ററും ഒരാളായിട്ടുള്ള നടപടി ഇപ്പോഴും അംഗീകരിക്കുന്നില്ല. ഈ ബില്ലിൻെറ സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ ഒരു കാര്യം പറയുന്നുണ്ട്. In the best interest of administration ഉദ്ദേശിച്ചുകൊണ്ടാണു ഈ ബിൽ കൊണ്ടുവരുന്നതെന്നാണു പറഞ്ഞിരിക്കുന്നതു് എന്നുപറഞ്ഞാൽ പ്രൈവറ്റു മാനേജർമാർക്കും ഗവണ്മെൻറ് സ്കൂൾ വിദ്യാഭ്യാസ ഓഫീസർമാർക്കും അദ്ധ്യാപകരെ ശിക്ഷിക്കുന്നതിനുള്ള അധികാരം ലഭിച്ചാൽ നല്ല ഭരണം ഉണ്ടാകുമെന്നു് ഗവണ്മെൻറു് കരുതുന്നു എന്നാണു്.

സർ, നമ്മുടെ എസ്. എസ്. എൽ. സി. റിസൽറ്റു് പുറത്തുവന്നിട്ടു് അധിക ദിവസമായിട്ടില്ല. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷക്കു് 1 3/4 ലക്ഷം വിദ്യാർത്ഥികളാണു് ചേർന്നു അതിൽ ഒരു ലക്ഷം വിദ്യാർത്ഥികളാണു തോറ്റുപോയി. ഈ തോറ്റവരുടെ കണക്കിനെസംബന്ധിച്ചു്, പ്രൈവറ്റു മേഖലയിലും ഗവണ്മെൻറു മേഖലയിലുമുള്ള വിദ്യാലയങ്ങളിൽ പഠിച്ച വിദ്യാർത്ഥികളിൽ എത്ര കുട്ടികളാണു് തോറ്റതു് എന്നുള്ളതിനെസംബന്ധിച്ചു് ഇന്നു് ഞാൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഭാഗ്യവശാൽ ഉത്തരം തന്നിട്ടുണ്ടു്. പ്രൈവറ്റു മേഖലയിൽ 50 ശതമാനം ജയിച്ചു 50 ശതമാനം തോറ്റു. നേരത്തെ ഞാൻ പറഞ്ഞു ആകെയുള്ള വിദ്യാലയങ്ങളിൽ 1/3 വിദ്യാലയങ്ങളാണു ഗവണ്മെൻറു മേഖലയിലാണെന്നു്. അതുപോലെ തന്നെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്ന കുട്ടികളുടെ കാര്യത്തിലും $1\frac{3}{4}$ ലക്ഷം വിദ്യാർത്ഥികളാണു പരീക്ഷക്കിരുന്നതിൽ ഒരു ലക്ഷം വിദ്യാർത്ഥികളാണു പ്രൈവറ്റു മേഖലയിലും ബാക്കിയുള്ളവർ ഗവണ്മെൻറു മേഖലയിലുമാണു്. സർ, ഞാൻ പറഞ്ഞുവന്നതു്, നല്ല ഒരു അന്തരീക്ഷം വിദ്യാലയങ്ങളിൽ സൃഷ്ടിക്കണമെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനുണ്ടെങ്കിൽ ഈ സംരംഭത്തിൽനിന്നും ഗവണ്മെൻറു പിൻമാറിയേതീരൂ.

സർ, എന്തോ ഒരുദ്ദേശം വച്ചുകൊണ്ടാണു് ഈ ബില്ലു് കൊണ്ടുവന്നിരിക്കുന്നതെന്നു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാർക്കു് ഇന്നു് അവരുടെ അവകാശത്തിനുവേണ്ടി സംഘടിക്കാനും സമരം ചെയ്യാനും ഗവണ്മെൻറിനെതിരായി മുദ്രാവാക്യം വിളിക്കാനും ഉള്ള സ്വാതന്ത്ര്യമുണ്ടു്. അങ്ങനെയുള്ള അദ്ധ്യാപകരുടെ മേൽ ഈ സ്വാതന്ത്ര്യങ്ങളും ഉപയോഗിക്കുന്ന അദ്ധ്യാപകരുടെ മേൽ പ്രതികാര ബുദ്ധിയോടെ നടപടി സ്വീകരിക്കാൻ വേണ്ടിയാണു് ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതെന്നു പറയാതിരിക്കാൻ വയ്യ. സർ, കഴിഞ്ഞ കുറെ കാലമായി അദ്ധ്യാപകരുടെ നേരെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി തൊടുത്തുവിട്ടുകൊണ്ടിരിക്കുന്ന ശരങ്ങളിൽ ഏറ്റവും മൂർച്ചയുള്ള ഒന്നാണു് ഈ ബില്ലെന്നു് പറഞ്ഞുകൊണ്ടും അതുകൊണ്ടു് ഈ ബില്ലു് സെലക്ടു കമ്മിറ്റിക്കു് അയക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു, ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കൃഷ്ണൻ നായർ: സർ, ഈ ബില്ലു് സെലക്ടു കമ്മിറ്റിക്കു് അയക്കണമെന്നുള്ള പ്രമേയത്തോടു് ഞാനും യോജിക്കുകയാണു്. കേരളത്തിലെ അദ്ധ്യാപകവൃന്ദം വളരെക്കാലമായി സമരം ചെയ്തു നേടിയെടുത്ത പല ആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും നശിപ്പിക്കത്തക്ക നിലയിലുള്ള ഒരു ഭീഷണിയായി ഇതു തീർന്നേയ്ക്കുമോയെന്നു് ഞാൻ സംശയിക്കുകയാണു്. ഗവണ്മെൻറിൽനിന്നും ഭീമമായ സംഖ്യ ശമ്പളം കൊടുക്കുന്ന അദ്ധ്യാപകരുടെ മേൽ യാതൊരു നിയന്ത്രണവും, അച്ചടക്ക നടപടിയും എടുക്കാൻ പാടില്ലെന്ന അഭിപ്രായം എനിക്കില്ലെങ്കിലും, മാനേജ്മെൻറിനു് ശിക്ഷിക്കാൻ അധികാരം കൊടുക്കുകയും അതേസമയംതന്നെ അതേ അധികാരം വീണ്ടും ഡിപ്പാർട്ടുമെൻറിനു് കൊടുക്കുകയും ചെയ്യുന്നതു് ശരിയല്ലെന്നു് എനിക്കു് വ്യക്തമായ അഭിപ്രായമുണ്ടു്. മാനേജരുടെ ശിക്ഷാനടപടിയിൽ നിന്നും ഒഴിവാക്കിക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് അദ്ധ്യാപകവൃന്ദം വളരെക്കാലമായി പ്രക്ഷോഭണങ്ങളും സമരങ്ങളും സംഘടിപ്പിച്ചു വരികയാണു്. അതു ചില കാരണങ്ങളാൽ, ചില നിയമപരമായ കാരണങ്ങളാൽ ഒഴിവാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അങ്ങനെയിരിക്കെ ഡിപ്പാർട്ടുമെൻറിനു് ഇങ്ങനെ ഒരു അവസരം കൊടുക്കുന്നതു് ഒരിക്കലുംതന്നെ ശരിയല്ലെന്നു് ഊന്നിപ്പറയാൻ ഞാനഗ്രഹിക്കുകയാണു്.

സർ, ബഹുമാനപ്പെട്ട ദക്ഷിണാമൂർത്തി ചൂണ്ടിക്കാണിച്ചതുപോലെ ഇതിനു കാരം അടിയന്തിരമായി പരിഹാരം കാണേണ്ട മറ്റു ചില വസ്തുതകളും ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകയാണു്. ഇതു് ആറുമാസത്തിനു മുമ്പു് ഞാൻ ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. സ്വകാര്യ സ്വത്തു സംബന്ധിച്ച തർക്കത്തിന്മേൽ ഒരു സ്ത്രീം മാനേജുമെൻറു് സ്ത്രീം കെട്ടിമേയുകയോ അത്യാവശ്യമായ ചാക്കോ മറ്റുപകരണങ്ങളോ വാങ്ങിക്കൊടുക്കാതിരിക്കുകയോ ചെയ്യുകയാണു്. അതുകാരണം വിദ്യാർത്ഥികളും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടു്. ഇതിനു് അടിയന്തിരമായി ഒരു പരിഹാരം കാണണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പല നിവേദനങ്ങളും നടത്തിയിട്ടും ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. അതുകൊണ്ടു് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതുപോലുള്ള നിയമങ്ങളും കൊണ്ടുവരുന്നതിനു മുമ്പായി അതുപോലുള്ള നിയമങ്ങളും കൊണ്ടുവരേണ്ടതല്ലായിരുന്നോഎന്നും, കുറെക്കൂടി നല്ലരീതിയിൽ ഇതുമാറ്റാൻസാധിക്കുകയില്ലെ എന്നുള്ളതിനെപ്പറ്റിയൊക്കെ ആലോചിക്കുന്നതിനു് സെലക്ടു കമ്മിറ്റിക്കു് അയക്കുന്നതു് നന്നായിരിക്കുമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബില്ലു് സെലക്ടു കമ്മിറ്റിക്കു് അയക്കണമെന്ന ദേഗതി ഞാൻ അനുകൂലിക്കുന്നു. അതു് ഏതെങ്കിലും കാരണവശാൽ മാനേജരും ഹെഡ്മാസ്റ്ററും ഒരാളായിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ അവമാത്രം പരിശോധിക്കുന്നതിനുവേണ്ടിയാണു്. എന്നാൽ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അതുകൊണ്ടു് വിഷമമുണ്ടാകാൻ വഴിയില്ലെന്നു്. ഈ കേസ്സു് ഒന്നു പരിശോധിക്കുകയെന്നുള്ളതാണു് എന്റെ ഉദ്ദേശം. ഇന്നത്തെ നിലയിൽ ഗവണ്മെൻറിനു് അദ്ധ്യാപകരുടെ മേൽ ശിക്ഷണനടപടിയെടുക്കാനുള്ള അധികാരം കൊടുത്തു കഴിഞ്ഞാൽ ഗവണ്മെൻറിനും മാനേജുമെൻറിനും ഒരേ അവസരത്തിൽ ശിക്ഷണ നടപടിയെടുക്കാനുള്ള അവസരമുണ്ടാകും. ഇങ്ങനെ വരുമ്പോൾ പലപ്പോഴും അദ്ധ്യാപകനു് അർഹമായ ശിക്ഷണനടപടിക്കു് വിധേയനാകേണ്ടതായിട്ടുവരും. അദ്ധ്യാപകന്മാരുടെമേൽ ശിക്ഷണനടപടിയെടുക്കാനുള്ള അധികാരം പൂർണ്ണമായും ഗവണ്മെൻറു് എടുക്കുകയാണെങ്കിൽ അതു് വേറൊരു പ്രശ്നമാകും. അങ്ങനെയാണെങ്കിൽ നിയമനാധികാരത്തിന്റെ പ്രശ്നമൊക്കെ വരും. നിയമനാധികാരം സ്വകാര്യ മാനേജുമെൻറിൽ ഇരിക്കുന്നിടത്തോളം കാലം ശിക്ഷിക്കാനുള്ള അധികാരവും അവർക്കുള്ളതാണു്. അതല്ലാതെവന്നാൽ പല കുഴപ്പങ്ങളുമുണ്ടാകും. ഉദാഹരണത്തിനു്, ഒരു സ്കൂളും മാനേജരും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥനും തമ്മിൽ ഏതെങ്കിലും കാരണവശാൽ അസുഖകരമായ അന്തരീക്ഷമുണ്ടായാൽ പലപ്പോഴും അവർ തമ്മിലുള്ള മൽസരത്തിൽ രക്തസാക്ഷിയായി തീരേണ്ട വരുന്നതു് അദ്ധ്യാപകന്മാരാണു്. മാനേജർ എന്തെങ്കിലും കല്പനയിൽ തെറ്റുകാണുമ്പോൾ ഉദ്യോഗസ്ഥൻ അതിൽ എന്തെങ്കിലും ന്യായം കാണും. അദ്ധ്യാപകൻ ഈ കാര്യത്തിൽ ശരിയായ ഒരു നില സ്വീകരിച്ചാൽ ഒന്നുകിൽ മാനേജർക്കു് അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥനു് അസുഖമുണ്ടാകും. അതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും അദ്ധ്യാപകൻ പകപോക്കലിന്റെ വിക്‌ടിം ആയിത്തീരും. നേരെ മറിച്ച് ഒരാൾക്കുമ തുമാണു് അതിനുള്ള അവകാശമുള്ളതെങ്കിൽ അതിന്റെ ന്യായാന്യായത പരിശോധിക്കാനും അവസരം ലഭിക്കുന്നതാണു്. രണ്ടുപേക്ഷം ശിക്ഷിക്കാനുള്ള അധികാരമുണ്ടായിരുന്നാൽ അതുകൊണ്ടു് സ്വാഭാവികമായും അദ്ധ്യാപകന്മാർക്കു് കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി വല്ല പ്രത്യേക ഉദ്ദേശത്തോടു കൂടിയാണു് ഇതു കൊണ്ടു വന്നതെങ്കിലും ഇതു കൈകാര്യം ചെയ്യേണ്ട ഉദ്യോഗസ്ഥന്മാർ പ്രവൃത്തിയിൽ കൊണ്ടു വരുമ്പോഴേക്കും അതിൽ വളരെയധികം പാകപ്പിഴകൾ സംഭവിക്കും. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് കുഴപ്പങ്ങളൊന്നും കഴിയുന്നിടത്തോളം ഉണ്ടാകാതിരിക്കാൻ നാം പരിശ്രമിക്കണം. പിന്നെ ഹെഡ്‌മാസ്റ്ററും മാനേജരും ഒരാളായിരിക്കുമ്പോഴും ചില ബുദ്ധിമുട്ടുകളുണ്ടാകും. ഉദാഹരണത്തിനു് അദ്ധ്യാപകനു് ശിക്ഷ നൽകേണ്ടതു് മാനേജരാണു്. ഇതു രണ്ടും ഒരാളായിരിക്കുമ്പോൾ എങ്ങനെ ശിക്ഷ നടപ്പിലാക്കുമെന്നുള്ള ഒരു പ്രശ്നമുണ്ടു്. അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കാനുള്ള ബാധ്യത അംഗീകരിക്കാതിരുന്നാൽ, ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശങ്ങളെ മാനേജ്മെന്റു് അംഗീകരിക്കാതിരുന്നാൽ ആ മാനേജ്മെന്റിന്റെ മേൽ നടപടിയെടുക്കാൻ ഡിപ്പാർട്ടുമെന്റിനു് അധികാരമുണ്ടു്. മാനേജർ എന്നുള്ള നിലയിൽ മാനേജർ ചെയ്യേണ്ടതായ കൃത്യം നിർവ്വഹിക്കപ്പെടുന്നില്ലെങ്കിൽ അയാളുടെ മേൽ നടപടിയെടുക്കാം. പക്ഷേ, ഒരു അദ്ധ്യാപകനെ ശിക്ഷിക്കുന്ന നിലയിൽ ശിക്ഷിക്കേണ്ടതല്ലേ എന്ന ഒരു ചോദ്യമുണ്ടാകും. അങ്ങനെയുള്ള കേസ്സുകളിൽ എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചു് ആലോചിക്കാൻ ഇതു സെലക്‌ട കമ്മിറ്റിക്കു് വിടണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. മാനേജ്മെന്റും ഉദ്യോഗസ്ഥന്മാരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകുമ്പോൾ അദ്ധ്യാപകന്മാർ രക്തസാക്ഷികളായിത്തീരാതിരിക്കാൻ നോക്കേണ്ടതാണു്. ബാങ്കു് ദേശസാൽക്കരിച്ചതിനെയും ഇതിനെയും വച്ചുകൊണ്ടു് ഒരു ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുകയുണ്ടായി. അതിലൊന്നും വലിയ അർത്ഥമില്ല. കാലാകാലങ്ങളിൽ ഉണ്ടാകേണ്ടതായ മാറ്റങ്ങളുണ്ടാകും. അതുകൊണ്ടു് ഈ നിയമത്തിലും ഉള്ള പോരായ്മകളും പരിഹരിക്കുന്നതിനു് ഇതു സെലക്‌ട കമ്മിറ്റിക്കു് അയക്കണമെന്നു് അഭ്യർത്ഥിച്ചു കൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യത്തിൽ പല കാര്യങ്ങളും പറയുന്നുണ്ടു്. അദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യവും മാനേജ്മെന്റിനുള്ള ശിക്ഷണാധികാരവും നിയമനാധികാരവും എല്ലാം ഒരുതരം പ്രശ്നങ്ങളാണു്. പല പ്രശ്നങ്ങൾക്കും നാം ഇനി പരിഹാരം കണ്ടുപിടിക്കേണ്ടതായിട്ടിരിക്കുകയാണു്. ഈ നിയമം ഒരു പ്രശ്നത്തിനു് പരിഹാരം കാണുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെങ്കിലും വിദഗ്ദ്ധമായ ഒരു പരിശോധനയ്ക്കു വേണ്ടി ഇതു സെലക്‌ട കമ്മിറ്റിക്കു് അയക്കണമെന്ന അഭിപ്രായം എനിക്കുമുണ്ടു്. കാരണം, ഈ നിലക്കു് ഒരു മാറ്റം ആവശ്യമാണു്. അതുകൊണ്ടു് ഇതു സെലക്‌ട കമ്മിറ്റിക്കു് വിടണമെന്ന അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി എച്ചു്. മുഹമ്മദുകോയ): സർ, വളരെ സഹായകമായ നിർദ്ദേശങ്ങളും നൽകിയ ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാം കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടും. ഈ ബില്ലു് ഒരു നിബന്ധനയോടെ സെലക്‌ട കമ്മിറ്റിക്കു അയക്കാൻ സമ്മതിച്ചു കൊണ്ടും ഞാൻ പ്രസംഗം ആരംഭിക്കുകയാണു്.

സർ, അങ്ങയ്ക്കറിയാം, ഈ ആർഡിനൻസു് നിയമമാക്കുന്നതിനു് ചില കാലാവധിയുടെ നിയന്ത്രണങ്ങളുണ്ടു്. ബഹുമാനപ്പെട്ട മാണിയുടെ പ്രമേയമാണു് ഇപ്പോൾ സഭയുടെ മുമ്പാകെയുള്ളതു്. അതിൽ കാലപരിധിയൊന്നും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ജോർജ്ജിന്റെ പ്രമേയത്തിൽ കാലപരിധി പറഞ്ഞിട്ടുണ്ടു്. ആ കാലപരിധിക്കു വിധേയമായി അങ്ങു് അനുവദിക്കുകയാണെങ്കിൽ ഇതു സെലക്‌ട കമ്മിറ്റിക്കു വിടാൻ എനിക്കു സന്തോഷമേയുള്ളു. ഇതിൽ എന്തെങ്കിലും പാകപ്പിഴ

LIBRARY ARCHIVES Kerala Legislative Assembly

കളോ നിയമപരമായ വൈഷമ്യങ്ങളോ അദ്ധ്യാപകന്മാർക്ക് എന്തെങ്കിലും ദ്രോഹമോ ഒക്കെ ഉണ്ടെങ്കിൽ അതേപടി ഈ ബില്ല് പാസ്സാക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയിൽ അനുഭവപ്പെട്ടുന്ന പ്രായോഗികമായ വൈഷമ്യങ്ങളും പരിഹരിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെയുള്ള നിയമങ്ങളുമായി ഞാൻ മുമ്പോട്ട് വരുന്നതു്. ബഹു മാനപ്പെട്ട പി. പി. ജോർജ്ജ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി, ഞാൻ അദ്ധ്യാപകൻമാക്കെതിരായി എയ്യാൻ ശരങ്ങളും നിറച്ചുവെച്ചിട്ടുള്ള ആവനാഴിയിലെ മൂർച്ചയേറിയ ഒരു ശരമാണു് ഇതെന്നു്. അദ്ദേഹം ഉദ്ദേശിച്ച ഫലം ഒരു പക്ഷേ അതുകൊണ്ടു് കിട്ടിയിരിക്കുമെങ്കിലും അതു വാസ്തവമല്ലെന്നു മനസ്സിലാക്കാൻ പ്രാപ്തരായ നാട്ടുകാരും അദ്ധ്യാപകന്മാരുമാണു് ഈ രാജ്യത്തുള്ളതെന്നു എനിക്കറിയാം. അദ്ധ്യാപകന്മാരെ ദ്രോഹിക്കാൻ ഇവിടെ ഒരു നിയമം കൊണ്ടു വരുന്നു എന്നു പ്രചരണ പ്രസംഗം നടത്തിയപ്പോഴും അദ്ദേഹം ഒരു കാര്യം മറന്നുപോയി, കെ ഇ ആർ-ൽ ഉള്ള ഒരു റൂം, നിലവിലുള്ള ഒരു റൂം കോടതിയിൽ പോയതിനാൽ തള്ളിപ്പോയി, തള്ളിപ്പോയതു് തന്നെ മൗലികാവകാശധ്വംസനത്തിന്റെ പേരിലോ ന്യൂനപക്ഷാവകാശധ്വംസനത്തിന്റെ പേരിലോ അല്ല.

അതിനുള്ള മുഖ്യകാരണം ഒറിജിനൽ ആക്ടിലുള്ള തകരാറാണു്. ഞാൻ അദ്ധ്യാപകർക്കെതിരായി ആയുധം കൊണ്ടുവന്നു എന്നൊക്കെ ഇവിടെ പറയുകയുണ്ടായല്ലോ. ഞാൻ ആദ്യമേതന്നെ പറഞ്ഞതുപോലെ ചില പ്രായോഗിക വിഷമതകളും ഉള്ളതുകൊണ്ടാണു്. നിയമം കൊണ്ടു വന്നതു ഒരു അടിയന്തിര സന്ദർഭത്തിൽ. ഒരു മാനേജരുടെ അനാസ്ഥമൂലമോ ഒരു മാനേജരുടെ കൃത്യനിഷ്ടയില്ലായ്മമൂലമോ ഒരു സംഗതി ഉണ്ടായാൽ നാം നിസ്സഹായരാകരുതു്. ഇവിടെ ചോദ്യകടലാസിന്റെ ചോർച്ചയെ സംബന്ധിച്ചു് വലിയ ആപലാതിയൊക്കെ പറഞ്ഞു അതു് വാസ്തവത്തിൽ ന്യായമാണു്. ഈ രാജ്യത്തെ ഏതെങ്കിലുമൊരു പ്രൈവറ്റു് സ്കൂളിൽ അത്തരം എതെങ്കിലുമൊരു സംഗതി സംഭവിച്ചു എന്നു വിചാരിക്കുക. ഒരു ഹെഡ് മാസ്റ്ററുടെ അനാസ്ഥ കൊണ്ടോ മറ്റോ ചോദ്യകടലാസു് ചോർന്നുപോയി എന്നു വിചാരിക്കുക. അങ്ങനെ വരുന്ന സന്ദർഭത്തിൽ ഡിപ്പാർട്ടുമെന്റു് മേലധികാരികൾക്കു് നേരത്തേയുള്ള രൂപ്രകാരം നടപടികളെടുക്കാൻ ചില അധികാരങ്ങളും ഉണ്ടായിരുന്നു. അതു പുനഃസ്ഥാപിക്കുകയാണു്. ഈ നിയമം പെട്ടെന്നു് അവർ തെറ്റായി ഉപയോഗിച്ചുകളയും എന്നു പറഞ്ഞാൽ അതു ശരിയല്ല. ഈ നിയമം ഇന്നും ഇന്നലെയും ഉണ്ടായതല്ല. ഒരു സ്കൂളിൽ ഭാര്യ മാനേജരും ഭർത്താവു് പ്രധാന അദ്ധ്യാപകനും ആണെന്നു വിചാരിക്കുക. ചിലപ്പോഴും മറിച്ചുമാകാം. ചിലപ്പോൾ മച്ചുനനും മകനുമായിരിക്കും. രക്തബന്ധമല്ലാത്ത വിധത്തിൽ ബന്ധുത്വമുള്ളവരുമുണ്ടു്. ഇങ്ങനെയുള്ള ആളുകളിരിക്കുന്ന സ്ഥലങ്ങളിൽ ചില സന്ദർഭങ്ങളിൽ ഇതു് ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാർ അച്ചടക്കനടപടി പ്രയോഗിക്കുന്നതിനെ സംബന്ധിച്ചാണു് ഗവണ്മെന്റിനു് ആലോചിക്കാനുള്ളതു്. സെലക്ടു് കമ്മിറ്റിയിൽ ഇതിന്റെ ഡിസ്കഷൻ നടക്കുന്ന സമയത്തു് ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായങ്ങളൊക്കെ എനിക്കു് കിട്ടുന്നതു് വളരെ സഹായമായിരിക്കും. എനിക്കു് ഇതിൽ ഒരു പിടിവാശിയുമില്ല. സെലക്ടു് കമ്മിറ്റിയിൻ നമുക്കു് ഇക്കാര്യങ്ങളൊക്കെ പരിഗണിക്കാം. പാവപ്പെട്ട അദ്ധ്യാപകർ, ഒന്നരലക്ഷം അദ്ധ്യാപകർ എന്നൊക്കെ പറഞ്ഞതു ശരിയാണു്. പക്ഷേ വിദ്യാഭ്യാസമാകുന്ന വണ്ടിയുടെ ഒരു ചക്രം മാത്രമാണു് അദ്ധ്യാപകർ. വിദ്യാഭ്യാസത്തിൽ അദ്ധ്യാപകർ മാത്രമല്ല ഉള്ളതു്. വിദ്യാർത്ഥികളുണ്ടു്, വിദ്യാർത്ഥികളുടെ ഭാവിയിൽ വളരെയധികം ആകാംക്ഷയുള്ള രക്ഷിതാക്കന്മാരുണ്ടു്. മറ്റുപല കാര്യങ്ങളുമുണ്ടു്. അദ്ധ്യാപകന്മാരിൽ ഒരാൾ കൃത്യവിലോപം ചെയ്താൽ അയാളുടെ പേരിൽ ഗവണ്മെന്റിനു് നടപടി നടത്താൻ പാടില്ല. വരുന്നതു പോലെ വരട്ടെ. വിദ്യാഭ്യാസമാകെ താറുമാറായിപ്പോയാലും വേണ്ടില്ല കുറ്റം ചെയ്യുന്ന അദ്ധ്യാപകരുടെ പേരിൽ ഗവണ്മെന്റു് നടപടി നടത്താൻ പാടില്ല. സെക്രട്ടറിന്റെ ആവനാഴി ശൂന്യമായിരിക്കണം എന്നു പറയുന്നതു് വിദ്യാഭ്യാസത്തെ

LIBRARY ARCHIVES Kerala Legislative Assembly

സ.ബന്ധിച്ചിടത്തോളം അറിവില്ലായ്മയാണു്. അതു പോലെ തന്നെ കുറ്റം ചെയ്യുന്ന അദ്ധ്യാപകരുടെ പേരിൽ ശിക്ഷ ന നടപടികളും സ്വീകരിക്കുന്ന കാര്യത്തിലും പല അഭിപ്രായങ്ങളാണുള്ളതു്. കുറേപേർ പറയുന്നു ഗവണ്മെൻറു് ശിക്ഷണ നടപടി നടത്തുന്നമെന്നു്. കുറേപേരുടെ അഭിപ്രായം മാനേജ്മെൻറു് നടപടി നടത്തണമെന്നാണു്. അതിലും ഒരു ഏകാഭിപ്രായമില്ല ഒരുപക്ഷേ അങ്ങനെയൊരു അഭിപ്രായത്തോടു് യോജിക്കുകയാണെങ്കിൽത്തന്നെയും. അതിലും വളരെ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളുണ്ടു്. ഗവണ്മെൻറു് എന്നു പറയുന്നതു് കുറ്റമറ്റതാണോ? ഉദ്യോഗസ്ഥന്മാർ പക്ഷപാതം കാണിക്കുകയില്ലേ? നിയമമുദ്യോഗസ്ഥന്മാർ പക്ഷപാതങ്ങൾക്കു് അതീതരാണോ എന്നൊക്കെ ഇവിടെ ചോദ്യം ഉണ്ടായി. മാനേജ്മെൻറും കുറ്റം ചെയ്യും. ഗവണ്മെൻറും കുറ്റം ചെയ്യും. ഉദ്യോഗസ്ഥന്മാരും കുറ്റം ചെയ്യും. അതുകൊണ്ടു്? അതുകൊണ്ടു് ആർക്കും ഒരു അധികാരവും വേണ്ടേ? പുരോഹിതന്മാരും പുണ്യവാളന്മാരും പോലും കുറ്റം ചെയ്യാത്ത ആളുകളാണോ? നാട്ടിൽ കക്കുന്ന ആളുകളില്ലേ? തസ്കരന്മാർ! തസ്കരന്മാരിൽ നിന്നു പോലീസുകാർ കൈക്കൂലി വാങ്ങിക്കുന്നു എന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പോലീസുകാർ കൈക്കൂലി വാങ്ങിക്കുന്നു. അതുകൊണ്ടു് അവരെ ഒഴിച്ചു നിറുത്തണം എന്നു വാദിക്കുന്നതു ശരിയാണോ ഗവണ്മെൻറുദ്യോഗസ്ഥന്മാരും മന്ത്രിമാരും എം. എൽ. എ മാരും മാനേജർമാരും ഈ ലോകത്തുള്ള എല്ലാം ആളുകളും എല്ലാം തികഞ്ഞവരാണെന്നു് ഞാൻ വാദിക്കുകയില്ല. നമ്മുടെ എല്ലാവരുടെയും മദ്ധ്യത്തിൽ ഈകാര്യങ്ങളെല്ലാം നടന്നുപോകണം. നിയമനിർമ്മാണം ഉപേക്ഷിക്കുന്നതു കൊണ്ടു് ഇതിനൊക്കെ പരിഹാരം കാണാൻ കഴിയുകയില്ല. എൻറെ കൈയിൽ ഒരു പേനാക്കത്തിയുണ്ടെന്നു വിചാരിക്കുക. ഞാൻ അതു് പെൻസൽ ചെത്താനും പഴം മുറിക്കുന്നതുമൊക്കെ ഉപയോഗിക്കും. നേരെമറിച്ചു് ഒരു മദ്യപാനിയുടെ കൈയിലാണു് അതു് ഉള്ളതെങ്കിലോ? അയാൾ അതുകൊണ്ടു് അയൽവാസിയെ കുത്തിക്കൊല്ലും. അയാൾ അയൽവാസിയെ കുത്തിക്കൊന്നതുകൊണ്ടു് ആർക്കും പേനാക്കത്തിയേ വേണ്ട എന്നു പറഞ്ഞാൽ എനിക്കു് പേനാക്കത്തി ഉപയോഗിക്കുവാൻ സാധിക്കുമോ?

ഇനി ഈ നിയമം ആവശ്യമില്ലെന്നു പറഞ്ഞ ബഹുമാനപ്പെട്ട അംഗങ്ങളും ഇതിൽ എന്തെങ്കിലും കാര്യക്ഷമതക്കുറവോ ഉണ്ടെങ്കിൽ അതു തിരുത്തുവാൻ സെലക്ടു് കമ്മിറ്റി സ്റ്റേജിൽ ചൂണ്ടിക്കാണിച്ചാൽ ഞാൻ കൃതജ്ഞൻ ആയിരിക്കും. ഈ നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതു് നമുക്കു് ആലോചിക്കാം. പക്ഷേ ഓർഡിനൻസു് പാസ്സാക്കി നിയമമാക്കേണ്ടതു് ഭരണഘടനാപരമായ ആവശ്യമായി എടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ആഗസ്റ്റു് 18-ാം തീയതിയ്ക്കകം റിപ്പോർട്ടു സമർപ്പിക്കാമെന്ന ഒരു വാചകം കൂടിച്ചേർത്തു് ഇവിടെ അവതരിപ്പിച്ച മോഷൻ സ്വീകരിക്കാം. താഴെപ്പറയുന്ന മെമ്പർമാരാണു് സെലക്ടു് കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
ശ്രീ. വി. വി. ദക്ഷിണാമൂർത്തി
ശ്രീ. ടി. എ. മജീദു്
ശ്രീ. ഇ. ചന്ദ്രശേഖരൻനായർ
ശ്രീ. സി. അഹമ്മദ്കുട്ടി
ശ്രീ. എം. മൊയ്തീൻകുട്ടിഹാജി
ശ്രീ. എ. കെ. അപ്പു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ
ശ്രീ. പി. എൽ. ചന്ദ്രസേനൻ
ശ്രീ. പി. പി. ജോർജ്
ശ്രീ. അലക്സാണ്ടർ പറമ്പിത്തറ
ശ്രീ. കെ. എം. ജോർജ്
ശ്രീ. ആർ. എസ്. ഉണ്ണി
ശ്രീ. ബി. വെല്ലിംഗ്ടൺ

Demonstrators in the Gallery

മി. സ്പീക്കർ:—ഇന്നു രാവിലെ നിയമസഭയുടെ ഗ്യാലറിയിൽ ഇരുന്നു് മുദ്രാവാക്യം വിളിച്ചുപറയുകയും, നിയമസഭയിലേക്കു് ലഘുലേഖകൾ വലിച്ചെറിയുകയും ചെയ്ത രണ്ടുപേരെയും, ബഹുമാനപ്പെട്ട നിയമസഭാ പാർട്ടി നേതാക്കന്മാർ ഉൾപ്പെട്ട കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, എന്റെ മുറിയിൽവച്ചു് ചോദ്യംചെയ്തു അവരുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. കരമന സ്വദേശികളായ ഒരു വനജാക്ഷനും, ജി. മോഹനൻ നായരുമാണു് പ്രകടനം നടത്തിയവർ. അവർ രണ്ടുപേരും ബിസിനസുകാരാണെന്നാണു് എഴുതിയിരിക്കുന്നതു്. പക്ഷേ അവർ പറഞ്ഞതു് ജനസംഘം പ്രവർത്തകരാണെന്നാണു്.

ഈ രണ്ടുപേരെയും കമ്മിറ്റി ചോദ്യം ചെയ്യുകയും, ഈ സഭാ നടപടികളെ അലങ്കോലപ്പെടുത്തുകയും, സഭയുടെ അവകാശത്തെ അവഹേളിക്കുകയും ചെയ്തതരീതിയിൽ അവർ കുറ്റം ചെയ്തിട്ടുള്ളതായി സമ്മതിക്കുകയും ചെയ്തിരിക്കുകയാണു്. അവരെ ചോദ്യം ചെയ്തതിൽ, തികഞ്ഞ പാർട്ടിപ്രവർത്തകരെന്ന നിലയിൽ പാർട്ടി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ബോധപൂർവ്വം ഇതു തെറ്റു ചെയ്തതാണെന്നു് കമ്മിറ്റിയോടു പറയുകയുണ്ടായി. അതനുസരിച്ചു് കമ്മിറ്റി എടുത്ത തീരുമാനം 'വിപ്പ്രായ' ശ്രീ. ടി കെ. കൃഷ്ണൻ അറിയിക്കുന്നതായിരിക്കും.

ഈ മാതിരിയുള്ള സംഭവങ്ങൾ ഈ സഭയിൽ ഇതിനുമുമ്പു് ഒന്നുരണ്ടു പ്രാവശ്യം ഉണ്ടായിട്ടുണ്ടു്. ഈ നിയമസഭയിൽ മുമ്പുണ്ടായിട്ടില്ലാത്ത ഈ പ്രവണത തുടർന്നു കാണുന്നതിനാൽ എനിക്കു ബഹുമാനപ്പെട്ട മെമ്പറന്മാരെ ഒരു കാര്യം പ്രത്യേകം അറിയിക്കാനുണ്ടു്. ശ്രീ. കെ. എസ്സു്. നായരാണു് ഇവർക്കു പാസ്സുകൊടുത്തതെന്നാണറിയാൻ കഴിഞ്ഞതു്. അങ്ങനെ പാസ്സുകൊടുക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞതു്, എം എൽ. എ. ക്വാർട്ടേഴ്സിൽനിന്നു് ഇന്നു രാവിലെ ഇങ്ങോട്ടു പോരാൻ തുടങ്ങിയപ്പോൾ, ക്വാർട്ടേഴ്സിലെ ഒരു അറേൻജർ അദ്ദേഹത്തെ സമീപിക്കുകയും, രണ്ടു സുഹൃത്തുക്കൾക്കു രണ്ടു പാസ്സു കൊടുക്കണമെന്നു പറയുകയും, അതനുസരിച്ചു ഫാറത്തിൽ ഒപ്പിട്ടു കൊടുക്കുകയും ചെയ്തുവെന്നുമാണു്. അങ്ങനെ പാസ്സു വാങ്ങിയ അറേൻജരെ സംബന്ധിച്ചിടത്തോളം എന്തു നടപടിയാണു് എടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി നിയമസഭയുടെ ആഫീസും ഞാനും പരശോധിച്ചുകൊണ്ടിരിക്കുകയാണു്. ആക്ഷൻ എടുക്കണമെന്നു കമ്മിറ്റിക്കു് അഭിപ്രായമുണ്ടു്, അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കുന്നതായിരിക്കും.

ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാർക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണിതു്. നാട്ടിൽനിന്നായാലും, മറ്റു തരത്തിൽ പരിചയമുള്ളവരായാലും പലരും നിയമസഭയിലേക്കു പ്രവേശനത്തിനുവേണ്ടി പാസ്സു വാങ്ങാൻ സമീപിക്കാറുണ്ടു്. എന്നിരുന്നാലും, അങ്ങനെ സമീപിക്കുന്നവർ ആരാണു്, അവർ നിയമസഭയിൽ പ്രവേശിച്ചാൽ, വളരെയധികം വിലപ്പെട്ട നിയമസഭയുടെ അന്തസ്സിനെ ബാധിക്കുന്ന രീതിയിലുള്ള പെരുമാറ്റങ്ങൾ അവരിൽ നിന്നുണ്ടാകാൻ സാധ്യത

LIBRARY ARCHIVES Kerala Legislative Assembly